11
2021
ഡിസംബർ
ശനി
1197
വൃശ്ചികം 25

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ്
കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 201 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-201 പേജ് 4. വില 2.00 രൂപ




02 ഇ ഹെൽത്ത് വിപുലീകരിക്കുന്നു: മന്ത്രി
30 ആശുപത്രികളിൽ ഇ ഹെൽത്തിന് 14.99 കോടി അനുവദിച്ചു

03 കെ.എസ്.ആർ.ടി.സി ശമ്പള പരിഷ്ക്കരണം
നടപ്പാക്കാൻ തീരുമാനമായി

04 ബ്രഹ്മോസ് സൂപ്പർസോണിക്
ക്രൂയിസ് വിജയകരമായി പരീക്ഷിച്ചു

# ബിപിൻ റാവത്തിന് രാജ്യം വിട നൽകി

ന്യൂഡൽഹി : സംയുക്ത സേനാ മേധാവി ജനറൽ ബിപിൻ റാവത്തിന് രാജ്യം വിട നൽകി. റാവത്തിന്റെയും ഭാര്യ മധുലിക റാവത്തിന്റെയും മൃതദേഹങ്ങൾ ഡൽഹി കന്റോൺമെന്റിലെ ബ്രാർ സ്ക്വയർ ശ്മശാനത്തിൽ പൂർണ സൈനിക ബഹുമതികളോടെ വെള്ളി വൈകിട്ട് അഞ്ചിന് ഒരേ ചിതയിൽ സംസ്കരിച്ചു. മക്കളായ കൃതികയും തരിണിയും തീകൊളുത്തി.

മൃതദേഹങ്ങൾ പകൽ കാമരാജ് മാർഗിലെ മൂന്നാം നമ്പർ വസതിയിൽ പൊതുദർശനത്തിന് വച്ചു. ചീഫ് ജസ്റ്റിസ് എൻ വി രമണ, അമിത് ഷായും രാജ്നാഥ് സിങ്ങും അടക്കമുള്ള കേന്ദ്രമന്ത്രിമാർ, മുഖ്യമന്ത്രിമാർ, രാഷ്ട്രീയ നേതാക്കൾ, ഉന്നത സൈനികോദ്യോഗസ്ഥർ, കിസാൻ മോർച്ച നേതാവ് രാകേഷ് ടിക്കായത്ത്, വിവിധ രാജ്യങ്ങളിലെ നയതന്ത്ര പ്രതിനിധികൾ, വിദേശ രാജ്യങ്ങളിലെ മുതിർന്ന സൈനികോദ്യോഗസ്ഥർ തുടങ്ങിയവർ അന്ത്യാഞ്ജലി അർപ്പിച്ചു. പുഷ്പങ്ങളാൽ അലങ്കരിച്ച പ്രത്യേക ഗൺക്യാരേജിലാണ് ജനറൽ റാവത്തിന്റെ മൃതദേഹം ഔദ്യോഗിക വസതിയിൽനിന്ന് കന്റോൺമെന്റിലേക്ക് കൊണ്ടുപോയത്. മൂന്ന് സേനാ വിഭാഗത്തിലെയും സൈനികർ മൃതദേഹ പേടകത്തിനൊപ്പം മാർച്ച് ചെയ്തു. അഞ്ചിന് ചിതയ്ക്ക് തീകൊളുത്തിയപ്പോൾ ആദരസൂചകമായി പീരങ്കി തോക്കുകൾ 17 ഗൺസല്യൂട്ട് നൽകി. ബ്യൂഗിളുകൾ നാദം മുഴക്കി.

ജനറൽ റാവത്തിനൊപ്പം അപകടത്തിൽ മരിച്ച ബ്രിഗേഡിയർ എൽ എസ് ലിഡ്ഡറിന്റെ മൃതദേഹം ബ്രാർ സ്ക്വയറിൽ രാവിലെ സൈനിക ബഹുമതികളോടെ സംസ്കരിച്ചു. ലാൻസ്നായിക് വിവേക്കുമാറിന്റെ മൃതദേഹം അന്ത്യചടങ്ങുകൾക്കായി ബന്ധുക്കൾക്ക് വിട്ടുനൽകി. ഒമ്പതുപേരുടെ മൃതദേഹം ഇനിയും പൂർണമായി തിരിച്ചറിയാത്തതിനാൽ മോർച്ചറിയിലാണ്.

മൃതദേഹങ്ങൾ പകൽ കാമരാജ് മാർഗിലെ മൂന്നാം നമ്പർ വസതിയിൽ പൊതുദർശനത്തിന് വച്ചു. ചീഫ് ജസ്റ്റിസ് എൻ വി രമണ, അമിത് ഷായും രാജ്നാഥ് സിങ്ങും അടക്കമുള്ള കേന്ദ്രമന്ത്രിമാർ, മുഖ്യമന്ത്രിമാർ, രാഷ്ട്രീയ നേതാക്കൾ, ഉന്നത സൈനികോദ്യോഗസ്ഥർ, കിസാൻ മോർച്ച നേതാവ് രാകേഷ് ടിക്കായത്ത്, വിവിധ രാജ്യങ്ങളിലെ നയതന്ത്ര പ്രതിനിധികൾ, വിദേശ രാജ്യങ്ങളിലെ മുതിർന്ന സൈനികോദ്യോഗസ്ഥർ തുടങ്ങിയവർ അന്ത്യാഞ്ജലി അർപ്പിച്ചു.

പുഷ്പങ്ങളാൽ അലങ്കരിച്ച പ്രത്യേക ഗൺക്യാരേജിലാണ് ജനറൽ റാവത്തിന്റെ മൃതദേഹം ഔദ്യോഗിക വസതിയിൽനിന്ന് കന്റോൺമെന്റിലേക്ക് കൊണ്ടുപോയത്. മൂന്ന് സേനാ വിഭാഗത്തിലെയും സൈനികർ മൃതദേഹ പേടകത്തിനൊപ്പം മാർച്ച് ചെയ്തു. അഞ്ചിന് ചിതയ്ക്ക് തീകൊളുത്തിയപ്പോൾ ആദരസൂചകമായി പീരങ്കി തോക്കുകൾ 17 ഗൺസല്യൂട്ട് നൽകി. ബ്യൂഗിളുകൾ നാദം മുഴക്കി.

ജനറൽ റാവത്തിനൊപ്പം അപകടത്തിൽ മരിച്ച ബ്രിഗേഡിയർ എൽ എസ് ലിഡ്ഡറിന്റെ മൃതദേഹം ബ്രാർ സ്ക്വയറിൽ രാവിലെ സൈനിക ബഹുമതികളോടെ സംസ്കരിച്ചു. ലാൻസ്നായിക് വിവേക്കുമാറിന്റെ മൃതദേഹം അന്ത്യചടങ്ങുകൾക്കായി ബന്ധുക്കൾക്ക് വിട്ടുനൽകി. ഒമ്പതുപേരുടെ മൃതദേഹം ഇനിയും പൂർണമായി തിരിച്ചറിയാത്തതിനാൽ മോർച്ചറിയിലാണ്.



## പിജി ഡോക്ടർമാരുടെ സമരം; ജനങ്ങളെ വെല്ലുവിളിക്കരുതെന്ന് ആരോഗ്യമന്ത്രി

തിരുവനന്തപുരം: സമരം ചെയ്യുന്ന പിജി ഡോക്ടർമാർക്ക് താക്കീതുമായി ആരോഗ്യമന്ത്രി വീണാ ജോർജ്. ജനങ്ങളെ വെല്ലുവിളിക്കരുതെന്നും ജൂനിയർ ഡോക്ടർമാരുടെ നിയമന നടപടി തിങ്കളാഴ്ച ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു.

പിജി അലോട്ട്മെൻറ് സുപ്രീംകോടതിയുടെ പരിഗണനയിലാണ്.അതിനാൽ സർക്കാരിന് ഒന്നും ചെയ്യാനാകില്ല. ഡോക്ടർമാരോട് ഹോസ്റ്റൽ ഒഴിയാൻ ആവശ്യപ്പെട്ടിട്ടില്ലെന്നും അധികൃതരുടെ നിർദേശം ലഭിച്ചയുടൻ തിരുത്തിയെന്നും മന്ത്രി വ്യക്തമാക്കി.

ഡോക്ടേഴ്സിൻറെ ജോലി ഭാരം കുറയ്ക്കാൻ സർക്കാർ അനുകൂല നിലപാട് സ്വീകരിച്ചതാണ്. സ്റ്റൈപ്പൻറ് വർധനവ് ധനകാര്യ വകുപ്പിൻറെ പരിഗണനയിലാണെന്നും മന്ത്രി പറഞ്ഞു.

അതേസമയം, പ്രതിഷേധ സമരം തുടരുമെന്ന് പിജി ഡോക്ടർമാർ അറിയിച്ചു. പ്രശ്നപരിഹാരത്തിന് ആരോഗ്യമന്ത്രി വീണാ ജോർജ് ചർച്ചയ്ക്ക് തയാറാകണമെന്ന് സമരം തുടരുന്ന ഡോക്ടർമാർ വ്യക്തമാക്കി.

ചർച്ചയ്ക്ക് തയാറായില്ലെങ്കിൽ അടിയന്തര സേവനം നിർത്തുമെന്ന് ഡോക്ടർമാർ മുന്നറിയിപ്പ് നൽകി. ജൂനിയർ റസിഡൻറുമാരുടെ നിയമനത്തിൽ വ്യക്തത വരുത്തണമെന്നും പിജി ഡോക്ടർമാർ ആവശ്യപ്പെട്ടു.

## കാഷ്മീരിൽ തീവ്രവാദി ആക്രമണം; രണ്ട് പോലീസുകാർ കൊല്ലപ്പെട്ടു

ന്യൂഡൽഹി: ജമ്മുകാഷ്മീരിലെ ബന്ധിപ്പോരയിൽ തീവ്രവാദികളുടെ ആക്രമണത്തിൽ രണ്ട് പോലീസുകാർ കൊല്ലപ്പെട്ടു. ബന്ധിപ്പോരയിലെ ഗുൽഷൻ ചൗക്കിലായിരുന്നു സംഭവം.

പോലീസ് സംഘത്തിനു നേരെ തീവ്രവാദികൾ വെടിയുതിർക്കുകയായിരുന്നു. മുഹമ്മദ് സുൽത്താൻ, ഫയാസ് അഹമ്മദ് എന്നിവരാണ് മരിച്ചത്.

വെടിവയ്പിൽ പരിക്കേറ്റ ഇരുവരും ആശുപത്രിയിലാണ് മരിച്ചത്. സുരക്ഷാ സേന പ്രദേശം വളയുകയും തീവ്രവാദികൾക്കായി തെരച്ചിൽ ആരംഭിക്കുകയും ചെയ്തു

## പ്രദീപ് കുമാറിൻെറ മൃതദേഹം നാട്ടിലെത്തിക്കും

ന്യൂഡൽഹി: കുനൂരിൽ ഹെലികോപ്റ്റർ അപകടത്തിൽ മരിച്ച മലയാളി വ്യോമസേന വാറൻറ് ഓഫീസർ എ. പ്രദീപ് കുമാറിൻറെ മൃതദേഹം ശനിയാഴ്ച നാട്ടിലെത്തിക്കും. ഇതുസംബന്ധിച്ച് ബന്ധുക്കൾക്ക് സന്ദേശം ലഭിച്ചു.

ഇന്ന് രാത്രി ഡൽഹിയിൽ നിന്നും മൃതദേഹം സൂലൂർ വ്യോമതാവളത്തിൽ എത്തിക്കും. ഇവിടെ നിന്നും നാളെ മൃതദേഹം പുത്തൂരിലെത്തിക്കുമെന്നാണ് അറിയിച്ചത്.

നേരത്തെ, പ്രദീപിൻറെ മൃതദേഹം നാട്ടിലെത്തിക്കുന്നത് വൈകിയേക്കുമെന്ന് റിപ്പോർട്ടുണ്ടായിരുന്നു. നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ മൂന്ന് ദിവസം വരെ വൈകിയേക്കുമെന്ന് കുടുംബത്തിന് വിവരം കിട്ടിയെന്ന് സഹോദരൻ പ്രസാദ് പറഞ്ഞു.

മൃതദേഹം കൊണ്ടുവരുന്നതിന് ഒരുദിവസം മുൻപ് അറിയിക്കാമെന്നാണ് പറഞ്ഞതെന്നും സഹോദരൻ വ്യക്തമാക്കിയിരുന്നു.

## ആരോഗ്യമന്ത്രിയെ വിമർശിച്ച കോട്ടത്തറ ട്രൈബൽ ആശുപത്രി സൂപ്രണ്ടിനെ സ്ഥലംമാറ്റി

തിരുവനന്തപുരം: സർക്കാരിനും ആരോഗ്യമന്ത്രിക്കുമെതിരെ രൂക്ഷവിമർശനം ഉന്നയിച്ച കോട്ടത്തറ ട്രൈബൽ ആശുപത്രി സൂപ്രണ്ട് ഡോ. പ്രഭുദാസിനെ സ്ഥലംമാറ്റി. തിരൂരങ്ങാടി താലൂക്ക് ആശുപത്രി സൂപ്രണ്ടായാണ് മാറ്റം.

ഡോ. മുഹമ്മദ് അബ്ദുൽ റഹ്മാനെ കോട്ടത്തറ ആശുപത്രി സൂപ്രണ്ടായി നിയമിച്ചു. ഭരണ സൗകര്യാർഥമാണ് മാറ്റമെന്നാണ് ആരോഗ്യ വകുപ്പിൻറെ വിശദീകരണം.

ആശുപത്രി മാനേജ്മെൻറ് കമ്മിറ്റിയിലെ പല മെമ്പർമാരും ബില്ലുകൾ മാറാൻ കൈക്കൂലി ആവശ്യപ്പെടുകയാണെന്നും ഇത് തടയാൻ ശ്രമിച്ചതാണ് തനിക്കെതിരായ നീക്കങ്ങൾക്ക് കാരണമെന്നും പ്രഭുദാസ് കഴിഞ്ഞ ദിവസം മാധ്യമങ്ങളോട് പറഞ്ഞിരുന്നു. അട്ടപ്പാടിയിലെ ശിശുമരണം സംബന്ധിച്ച ആരോഗ്യവകുപ്പ് റിപ്പോർട്ടിന് പിന്നാലെ മന്ത്രി നടത്തിയ സന്ദർശനം വിവാദമായ സാഹചര്യത്തിലായിരുന്നു പ്രതികരണം.

ആശുപത്രി മാനേജ്മെൻറ് കമ്മിറ്റിയിലെ പല മെമ്പർമാരും ബില്ലുകൾ മാറാൻ കൈക്കൂലി ആവശ്യപ്പെടുന്ന സാഹചര്യമുണ്ട്. അത്തരം നടപടികളെ തടയാൻ ശ്രമിച്ചതാണ് തനിക്കെതിരായ നീക്കങ്ങൾക്ക് കാരണം. ആശുപത്രി മാനേജ്മെൻറിലെ പല അംഗങ്ങളും കൈക്കൂലി ചോദിച്ചതായും പലർക്കും കോടുത്തതായും പരാതി ലഭിച്ചിട്ടുണ്ട്. കൈക്കൂലി കിട്ടിയാലേ ഒപ്പിട്ട് നൽകൂ എന്ന് പറഞ്ഞവർ തന്നെയാണ് കഴിഞ്ഞ ദിവസം മന്ത്രിയുടെ ഒപ്പം ഉണ്ടായിരുന്നതെന്നും പ്രഭുദാസ് പറഞ്ഞു.

## പെട്രോളും ഡീസലും ഇനി പ്ലാസ്റ്റിക് കുപ്പികളിൽ കൊടുക്കരുതെന്ന് ഉത്തരവ്

കൊച്ചി: സംസ്ഥാനത്തെ പെട്രോൾ പമ്പുകളിൽനിന്നു പെട്രോളും ഡീസലും ഇനി പ്ലാസ്റ്റിക്, പെറ്റ് ബോട്ടിലുകളിൽ കൊടുക്കരുതെന്ന് ഉത്തരവ്. പ്ലാസ്റ്റിക് കുപ്പികളിൽ പകർന്നുള്ള ഇവയുടെ ചില്ലറ വില്പന കർശനമായി തടയണമെന്ന് എക്സ്പ്ലോസീവ്സ് ഡെപ്യൂട്ടി ചീഫ് കൺട്രോളറാണ് നിർദേശം നൽകിയിരിക്കുന്നത്.

ഐഒസി, ബിപിസിഎൽ, എച്ച്പിസിഎൽ, റിലയൻസ് എന്നീ കമ്പനികൾക്കാണ് ഇതു സംബന്ധിച്ച് നിർദേശം നൽകിയത്. പമ്പുകളിൽനിന്നു പെട്രോളിയം ഉത്പന്നങ്ങൾ കുപ്പികളിൽ വാങ്ങി പൊതുയാത്രാ വാഹനങ്ങളിൽ കൊണ്ടുപോകുന്ന പ്രവണതയുമുണ്ട്. ഇതു സമൂഹസുരക്ഷയ്ക്കുതന്നെ വലിയ ഭീഷണിയാണ്.

ഫോം 14 ൽ പെട്രോൾ പമ്പുകൾക്ക് നൽകുന്ന ലൈസൻസിൽ ഇത്തരം പാത്രങ്ങളിൽ പെട്രോളും ഡീസലും പകർന്നു നൽകരുതെന്നു കർശന നിബന്ധനയുള്ളതാണ്.1998 ഒക്ടോബർ 11ന് പാലായ്ക്കടുത്തുള്ള ഐങ്കൊമ്പിൽ നടന്ന ബസ് അപകടത്തിൽ 22 പേർ വെന്തുമരിക്കുകയുണ്ടായി. ഇവിടെ വില്ലനായത് യാത്രക്കാരിൽ ആരോ കൈവശം കരുതിയിരുന്ന പെട്രോളായിരുന്നു.

പ്രണയാഭ്യർഥന നിരസിച്ചതിനു കാമുകിയെ പെട്രോളൊഴിച്ചു തീകൊളുത്തി കൊലപ്പെടുത്തിയ പല സംഭവങ്ങളും സംസ്ഥാനത്ത് ആവർത്തിക്കപ്പെടുന്ന സ്ഥിതിവിശേഷമുണ്ട്. 2019 ഒക്ടോബർ 10ന് എറണാകുളം അത്താണിയിൽ പ്ലസ്ടു വിദ്യാർഥി ദേവികയെ 26കാരനായ മിഥുൻ പെട്രോളൊഴിച്ച് തീകൊളുത്തിക്കൊന്നതു പ്രണയാഭ്യർഥന നിരസിച്ചതിൻറെ പേരിലായിരുന്നു.

2019 ജൂൺ 15നായിരുന്നു ആലപ്പുഴയിലെ പോലീസുകാരിയായിരുന്ന സൗമ്യ പുഷ്കരനെ സഹപ്രവർത്തകനായ അജാസ് പെട്രോളൊഴിച്ചു കത്തിച്ചത്. ഇത്തരത്തിലുണ്ടായ നിരവധി സംഭവങ്ങളിൽ കൈയിൽ കരുതിയ പെട്രോളായിരുന്നു വില്ലനായത്.

മനുഷ്യാവകാശപ്രവർത്തകനായ കെ.ജെ. ജോസ്പ്രകാശാണ് നിയമവിരുദ്ധമായി പെട്രോളിയം ഉത്പന്നങ്ങളുടെ ചില്ലറ വില്പന തടയണമെന്നാവശ്യപ്പെട്ട് അധികൃതരെ സമീപിച്ചത്.

## തെന്മലയിലെ പോലീസ് മർദനം: സിഐക്കെതിരെ കേസെടുത്തെന്ന് സർക്കാർ

കൊച്ചി: തെന്മല പോലീസ് സ്റ്റേഷനിൽ പരാതി നൽകാനെത്തിയ ദളിത് വിഭാഗത്തിൽപെട്ട ഉറുകുന്നു സ്വദേശി രാജീവിനെ പോലീസ് മർദിച്ച സംഭവത്തിൽ സിഐ വിശ്വംഭരനെതിരെ കേസെടുത്തെന്ന് സർക്കാർ ഹൈക്കോടതിയിൽ അറിയിച്ചു.

എന്നാൽ ദുർബലമായ വകുപ്പുകളാണ് ചുമത്തിയതെന്നും എസ്ഐ ശാലുവിനെതിരെ കേസെടുത്തില്ലെന്നും ഹർജിക്കാരൻ വാദിച്ചെങ്കിലും ഇക്കാര്യങ്ങൾ മജിസ്ട്രേട്ട് കോടതിയിൽ ഉന്നയിക്കാമെന്ന് ജസ്റ്റീസ് ദേവൻ രാമചന്ദ്രൻ ചൂണ്ടിക്കാട്ടി. പോലീസ് കേസെടുത്ത നടപടിയിൽ തൃപ്തി രേഖപ്പെടുത്തിയ സിംഗിൾ ബെഞ്ച് കേസിലെ അന്വേഷണ പുരോഗതി റിപ്പോർട്ട് നൽകാനും നിർദേശിച്ചു. തുടർന്ന് ഹർജി ഡിസംബർ 21 നു പരിഗണിക്കാനായി മാറ്റി.

ബന്ധു ഫോണിൽ വിളിച്ച് അസഭ്യം പറഞ്ഞെന്നു പരാതി നൽകാൻ ഫെബ്രുവരി മൂന്നിന് സ്റ്റേഷനിലെത്തിയപ്പോഴാണ് രാജീവിന് മർദനമേറ്റത്. പരാതി നൽകിയതിനു രസീത് ചോദിച്ച തന്നെ സിഐ വിശ്വംഭരൻ വിലങ്ങിട്ടു പൂട്ടി മർദ്ദിച്ചെന്നാണ് ആരോപണം.

പിന്നീട് ഇയാളെ വിട്ടയച്ചെങ്കിലും പോലീസ് ഉദ്യോഗസ്ഥൻറെ ഡ്യൂട്ടി തടസപ്പെടുത്തിയെന്ന കുറ്റം ചുമത്തി അടുത്ത ദിവസം എസ്ഐ ശാലുവിൻറെ നേതൃത്വത്തിലുള്ള സംഘം അറസ്റ്റ് ചെയ്തു. സംഭവത്തെത്തുടർന്ന് ഡിജിപിക്കു നൽകിയ പരാതിയിൽ ഡിവൈഎസ്പി അന്വേഷണം നടത്തി സിഐക്കും എസ്ഐക്കുമെതിരെ റിപ്പോർട്ട് നൽകിയെങ്കിലും നടപടിയുണ്ടായില്ലെന്നു ചൂണ്ടിക്കാട്ടിയാണ് ഹർജിക്കാരൻ ഹൈക്കോടതിയെ സമീപിച്ചത്.

## ജീവിതം തേടി മരണത്തിലേക്ക്; മെക്സിക്കോയിൽ ട്രക് മറിഞ്ഞ് 54 അഭയാർഥികൾ മരിച്ചു

മെക്സിക്കോ സിറ്റി: മെക്സിക്കോയിൽ അഭയാർഥികളുമായി പോകുകയായിരുന്ന ട്രക് മറിഞ്ഞ് 54 പേർ മരിച്ചു. തെക്കൻ മെക്സിക്കൻ സംസ്ഥാനമായ ചിയാപാസിലെ ടക്സ്റ്റ്ല ഗുട്ടെറെസിലായിരുന്നു അപകടം. 49 പേർ സംഭവ സ്ഥലത്തും അഞ്ച് പേർ ആശുപത്രിയിൽ എത്തിയ ശേഷവും മരിച്ചതായി ചിയാപാസ് ഗവർണർ റുട്ടിലിയോ എസ്കാൻഡൻ പറഞ്ഞു. നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തു. വലിയ വളവ് തിരിഞ്ഞപ്പോൾ ട്രക് നിയന്ത്രണം നഷ്ടപ്പെട്ട് മറിയുകയായിരുന്നു.

മധ്യ അമേരിക്കയിൽനിന്ന് യുഎസിലേക്ക് കടക്കാൻ ശ്രമിച്ചവരാണ് അപകടത്തിൽപ്പെട്ടത്. ട്രക്കിൽ നൂറിലേറെ പേർ ഉണ്ടായിരുന്നു. ഇത് ഇരുനൂറാകാമെന്നും പ്രാദേശിക ഉദ്യോഗസ്ഥർ പറയുന്നു. അപകടത്തിൽ പരിക്കേറ്റവരിൽ പലരും ഇമിഗ്രേഷൻ ഉദ്യോഗസ്ഥർ പിടിക്കുമെന്ന് ഭയന്ന് സംഭവസ്ഥലത്തുനിന്നും ഓടി രക്ഷപെട്ടു. മരിച്ചവരിൽ സ്ത്രീകളും കുട്ടികളും ഉൾപ്പെടും.

## പ്ലസ് വണ്ണിന് 79 അധിക ബാച്ചുകൾ; സയൻസ് ബാച്ചുകളുടെ എണ്ണം കൂട്ടി

സംസ്ഥാനത്ത് പ്ലസ് വണ്ണിന് താൽക്കാലികമായി 79 അധിക ബാച്ചുകൾ അനുവദിച്ചു. വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും ആവശ്യം അനുസരിച്ച് സയൻസ് ബാച്ചുകളുടെ എണ്ണം 20 ആക്കി. കോമേഴ്സിന് പത്തും ഹ്യൂമാനിറ്റീസിന് നാൽപ്പത്തൊമ്പതും അധിക ബാച്ചുകളാണ് അനുവദിച്ചിരിക്കുന്നത്. ഉപരിപഠനത്തിന് അർഹരായ വിദ്യാർത്ഥികൾക്ക് ആവശ്യമായ സീറ്റുകൾ ഉറപ്പാക്കുമെന്ന് പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പു മന്ത്രി വി ശിവൻകുട്ടി വ്യക്തമാക്കിയിരുന്നു. താലൂക്ക് അടിസ്ഥാനത്തിൽ ഉള്ള കണക്കെടുത്തതിന് ശേഷം മുഖ്യമന്ത്രിയുടെ നിർദ്ദേശമനുസരിച്ച് വിദ്യാഭ്യാസ വകുപ്പ് സീറ്റ് സംബന്ധിച്ച കാര്യങ്ങൾ വിശദമായി പരിശോധിച്ചു. വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും പരാതികളും അപേക്ഷകളും പരിഗണിച്ചു. സയൻസ് ബാച്ചുകൾ അധികം വേണമെന്ന് ആവശ്യമുയർന്നിരുന്നു. മുഖ്യമന്ത്രിയുടെ നിർദേശം അനുസരിച്ച് മൊത്തം 79 അധിക ബാച്ചുകൾ അനുവദിക്കാൻ തീരുമാനിച്ചതെന്ന് മന്ത്രി വി. ശിവൻകുട്ടി അറിയിച്ചു.

# ഗോത്രവർഗ മേഖലയിലെ ഭക്ഷ്യ സുരക്ഷയ്ക്കായി 'തനിമ' സെമിനാർ 16ന്

ഗോത്രവർഗ ജനതയുടെ തനതു ഭക്ഷ്യ സംസ്കാരം വീണ്ടെടുക്കൽ, പോഷകാഹാരക്കുറവു പരിഹരിക്കാനുള്ള ആരോഗ്യകരമായ ഭക്ഷണരീതി തിരികെ കൊണ്ടുവരൽ എന്നിവ സംബന്ധിച്ചു സംസ്ഥാന ഭക്ഷ്യ കമ്മിഷന്റെ നേതൃത്വത്തിൽ ഏകദിന സെമിനാർ സംഘടിപ്പിക്കുന്നു.

'തനിമ' എന്ന പേരിൽ 16ന് പട്ടം ലീഗൽ മെട്രോളജി ഭവൻ കോൺഫറൻസ് ഹാളിൽ നടക്കുന്ന സെമിനാർ നിയമസഭാ സ്പീക്കർ എം.ബി. രാജേഷ് ഉദ്ഘാടനം ചെയ്യും. വനമേഖലയിലെ ഗോത്രവർഗ സമൂഹത്തിന്റെ ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്തുന്ന പരിപാടികളുടെ ഭാഗമായാണു സെമിനാർ. 16നു രാവിലെ 10നു നടക്കുന്ന ഉദ്ഘാടന പരിപാടിയിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ. അനിൽ അധ്യക്ഷത വഹിക്കും.

പട്ടികജാതി, പട്ടികവർഗ ദേവസ്വം മന്ത്രി കെ. രാധാകൃഷ്ണൻ മുഖ്യ പ്രഭാഷണം നടത്തും.

ഭക്ഷ്യ കമ്മിഷണർ കെ.വി. മോഹൻ കുമാർ സ്വാഗതം ആശംസിക്കുന്ന ചടങ്ങിൽ വി.കെ. പ്രശാന്ത്, ഡെപ്യൂട്ടി മേയർ പി.കെ. രാജു, പട്ടികവർഗ വികസന വകുപ്പ് ഡയറക്ടർ ടി.വി. അനുപമ, പൊതുവിതരണ വകുപ്പ് കമ്മിഷണർ ഡി. സജിത് ബാബു, ലീഗൽ മെട്രോളജി കൺട്രോളർ കെ.ടി. വർഗീസ് പണിക്കർ, കൗൺസിലർ ഡോ. കെ.എസ്. റീന തുടങ്ങിയവർ പങ്കെടുക്കും. മൂന്നു വിഷയങ്ങളിൽ വിദഗ്ധരെ ഉൾപ്പെടുത്തിയുള്ള ക്ലാസുകൾ സെമിനാറിന്റെ ഭാഗമായി നടക്കും.

ഗോത്രവർഗ ജനതയുടെ തനതു ഭക്ഷ്യവ്യവസ്ഥയിലെ മാറ്റങ്ങളും പോഷകാഹാര സുരക്ഷയും എന്ന വിഷയം ഡോ. ടി.ആർ. സുമ അവതരിപ്പിക്കും.

വനമേഖലയിലെ ഭക്ഷ്യയോഗ്യമായ സസ്യങ്ങൾ ഉപയോഗിക്കുന്നതിലും സംരക്ഷിക്കുന്നതിലും ഗോത്രവർഗ വനിതകളുടെ പങ്ക് എന്ന വിഷയം ഡോ. രതീഷ് നാരായണനും ഗോത്രവർഗ ജനതയുടെ പോഷകാഹാര സുരക്ഷയ്ക്കായുള്ള നിർദേശങ്ങൾ എന്ന വിഷയം ഡോ. സി.എസ്. ചന്ദ്രികയും അവതരിപ്പിക്കും.

തനത് കൃഷിയിലൂടെ പോഷകമൂല്യം അട്ടപ്പാടിയിൽ നടപ്പാക്കിയതിന്റെ അനുഭവം പങ്കുവയ്ക്കുന്ന നമത് വെള്ളാമെ എന്ന പരിപാടിയും ഒരുക്കിയിട്ടുണ്ട്. സി. ജയകുമാറാണ് അനുഭവം പങ്കുവയ്ക്കുന്നത്.



സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയും ഇന്ത്യൻ പോസ്റ്റൽ ഡിപ്പാർട്ട്മെന്റും സംയുക്തമായി പുറത്തിറക്കിയ സ്പെഷ്യൽ പോസ്റ്റൽ കവറും മൈ സ്റ്റാമ്പും ആരോഗ്യ മന്ത്രി വീണാ ജോർജ് പോസ്റ്റൽ വകുപ്പ് കേരള സർക്കിൾ ഡയറക്ടർ സിആർ രാമകൃഷ്ണന് നൽകി പ്രകാശനം ചെയ്യുന്നു

# ഇ ഹെൽത്ത് വിപുലീകരിക്കുന്നു: മന്ത്രി

## 30 ആശുപത്രികളിൽ ഇ ഹെൽത്തിന് 14.99 കോടി അനുവദിച്ചു

30 ജില്ലാ, ജനറൽ ആശുപത്രികളിൽ ഇ ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന് 14.99 കോടി രൂപ അനുവദിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതി സാക്ഷാത്ക്കരിക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്. ടെറിഷ്യറി കെയർ ആശുപത്രികളിൽ കൂടി പദ്ധതി വ്യാപിപ്പിക്കുകയാണ് ലക്ഷ്യം. ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിച്ച 600 ഓളം കേന്ദ്രങ്ങളിലും 12 മെഡിക്കൽ കോളേജുകളിലും തെരഞ്ഞെടുക്കപ്പെട്ട ജില്ല, ജനറൽ ആശുപത്രികളിലും ഇ ഹെൽത്ത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലാവധി തീരുന്നതിന് മുമ്പ് 1284 ആശുപത്രികളിലും ഇ ഹെൽത്ത് നടപ്പിലാക്കാനുള്ള ശ്രമങ്ങളാണ് നടക്കുന്നതെന്ന് മന്ത്രി വ്യക്തമാക്കി.

കുടുംബരോഗ്യ കേന്ദ്രങ്ങളെ അപേക്ഷിച്ച് താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിൽ ഇ ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന് ഭാരിച്ച തുക ആവശ്യമാണ്. എങ്കിലും ഇ ഹെൽത്ത് പദ്ധതിയുടെ സേവനം കൂടുതൽ ടെറിഷ്യറി കെയർ ആശുപത്രികളിലേക്ക് വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ആദ്യഘട്ടത്തിൽ 30 ജില്ല, ജനറൽ ആശുപത്രികളിലെ ഒപി വിഭാഗത്തിൽ ഇ ഹെൽത്ത് ആരംഭിക്കുന്നത്. ഇതോടെ ഈ ആശുപത്രികളിൽ തിരക്കൊഴിവാക്കി മെച്ചപ്പെട്ട സേവനം ലഭ്യമാകും. ആലപ്പുഴ മാവേലിക്കര ജില്ലാ ആശുപത്രി, ചെങ്ങന്നൂർ ജില്ലാ ആശുപത്രി, എറണാകുളം ആലുവ ജില്ലാ ആശുപത്രി, ഇടുക്കി ജില്ലാ ആശുപത്രി, തൊടുപുഴ ജില്ലാ ആശുപത്രി, കൊല്ലം ജില്ലാ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി, കാസർഗോഡ് കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി, മലപ്പുറം തിരൂർ ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ ജില്ലാ ആശുപത്രി, നിലമ്പൂർ ജില്ലാ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി, പത്തനംതിട്ട കോഴഞ്ചേരി ജില്ലാ ആശുപത്രി, തൃശൂർ വടക്കാഞ്ചേരി ജില്ലാ ആശുപത്രി, വയനാട് മാനന്തവാടി ജില്ലാ ആശുപത്രി, ആലപ്പുഴ ജനറൽ ആശുപത്രി, എറണാകുളം മൂവാറ്റുപുഴ ജനറൽ ആശുപത്രി, കോഴിക്കോട് ജനറൽ ആശുപത്രി, കണ്ണൂർ തലശേരി ജനറൽ ആശുപത്രി, കാസർഗോഡ് ജനറൽ ആശുപത്രി, കോട്ടയം ജനറൽ ആശുപത്രി, പാലാ ജനറൽ ആശുപത്രി, ചങ്ങനാശേരി ജനറൽ ആശുപത്രി, കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി, മലപ്പുറം മഞ്ചേരി ജനറൽ ആശുപത്രി, പത്തനംതിട്ട ജനറൽ ആശുപത്രി, അടൂർ ജനറൽ ആശുപത്രി, തൃശൂർ ജനറൽ ആശുപത്രി, ഇരിങ്ങാലക്കുട ജനറൽ ആശുപത്രി, വയനാട് കൽപ്പറ്റ ജനറൽ ആശുപത്രി എന്നിവിടങ്ങളിലാണ് ഇ ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നത്.

# സ്ത്രീകളുടെയും പെൺകുട്ടികളുടെയും ജീവിതം മെച്ചപ്പെടുത്തുന്നതിൽ സർക്കാർ ഏറെ ശ്രദ്ധ പുലർത്തുന്നു: സ്പീക്കർ

സ്ത്രീകളുടെയും പെൺകുട്ടികളുടെയും ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിലും അവസരസമത്വം, വിദ്യാഭ്യാസ പുരോഗതി എന്നിവ നേടിയെടുക്കുന്നതിലും സംസ്ഥാന സർക്കാർ ഏറെ ശ്രദ്ധ പുലർത്തുന്നുണ്ടെന്ന് സ്പീക്കർ എം.ബി. രാജേഷ് പറഞ്ഞു. കേരള ലെജസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്റർ (കെലാംപ്സ്) യൂണിസെഫ് ഇന്ത്യയുടെ പങ്കാളിത്തത്തോടെ നടത്തിയ സംയുക്ത യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പുരോഗമനപരമായ നിയമനിർമ്മാണ പ്രക്രിയയോടൊപ്പം തന്നെ കേരള സമൂഹം സ്ത്രീശാക്തീകരണത്തിൽ മുന്നേറ്റം നേടുന്നതിൽ പ്രധാന പങ്ക് വഹിച്ചു. അസമത്വവും അസഹിഷ്ണുതയും നിലനിൽക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ കുട്ടികളുടെ ഉന്നമനത്തിൽ മാത്രമല്ല ലിംഗ സമത്വത്തിലും അനുബന്ധ വിഷയങ്ങളിലും യൂണിസെഫിന്റെ പ്രവർത്തനം അഭിനന്ദനീയമാണെന്ന് സ്പീക്കർ പറഞ്ഞു. രാജ്യത്ത് പലയിടത്തും ഇപ്പോഴും സ്ത്രീപുരുഷ അസമത്വം നിലനിൽക്കുന്നു. സ്ത്രീകളുടെയും പെൺകുട്ടികളുടെയും ജീവിതം വെല്ലുവിളി നിറഞ്ഞതായി തീർന്നിരിക്കുന്നു. ഈ ദുരവസ്ഥയെ മറികടക്കുവാൻ വിദ്യാസമ്പന്നമായ സമൂഹത്തെ സൃഷ്ടിക്കുന്നതിലൂടെ സാധിക്കുമെന്ന് സ്പീക്കർ അഭിപ്രായപ്പെട്ടു.

മാനവ വികസന സൂചികയിൽ കേരളത്തിന്റെ സ്ഥാനം ഏറെ മുന്നിലാണ്. സംസ്ഥാന/ദേശീയതല സെമിനാറുകളിലൂടെയും ഭരണഘടനാ ബോധവത്കരണ ക്ലാസുകളിലൂടെയും യൂണിസെഫുമായി സംയോജിച്ചുള്ള മറ്റ് പ്രവർത്തനങ്ങളിലൂടെയും യുവജനതയുടെ വീക്ഷണത്തിലും പ്രവർത്തിയിലും സാരമായ മാറ്റം കൊണ്ടുവരാൻ സാധിച്ചതായി അദ്ദേഹം പറഞ്ഞു. കാലാവസ്ഥാ വ്യതിയാനവും പ്രകൃതി ദുരന്തങ്ങളും വർധിച്ച ഇക്കാലത്ത് അത്തരം സാഹചര്യങ്ങളുമായി പൊരുത്തപ്പെടുവാനും അതിനെ മറികടക്കുവാനും കഴിയണമെന്നും അതിനായി കുട്ടികളെ പരിശീലിപ്പിക്കേണ്ടതാണെന്നും സ്പീക്കർ പറഞ്ഞു. യൂണിസെഫ് ഇന്ത്യയുടെ സോഷ്യൽ പോളിസി, പ്ലാനിംഗ് ആൻഡ് ഇവാലേഷൻസ് മേധാവി ഹ്യെയ്ൻ ഹീ ബാൻ, യൂണിസെഫിന്റെ തമിഴ്നാട് കേരള ഓഫീസ് സോഷ്യൽ പോളിസി മേധാവി കെ.എൽ. റാവു എന്നിവർ യോഗത്തിൽ പങ്കെടുത്തു.

കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതിയെ അഭിനന്ദിച്ച ഹ്യെയ്ൻ ഹീ ബാൻ, ആരോഗ്യ സംരക്ഷണ മേഖലയിലും പോഷകാഹാരം, ജലലഭ്യത, ശുചീകരണം എന്നീ മേഖലകളിലും ലോകത്തിലെ മറ്റ് രാജ്യങ്ങൾക്ക് ഇന്ത്യ മാതൃകയാണെന്നും സംസ്ഥാനത്തെ സ്ത്രീകളുടെയും കുട്ടികളുടെയും പുരോഗതിക്കായുള്ള എല്ലാ പ്രവർത്തനങ്ങളിലും യൂണിസെഫിന്റെ പൂർണ്ണ സഹകരണം ഉറപ്പുവരുത്തുമെന്നും പറഞ്ഞു. ഇതിനായി കേരള നിയമസഭയുമായി യോജിച്ച് തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുമെന്നും അറിയിച്ചു.

കൗമാരകാലത്തെ കുട്ടികളുടെ മാനസികാരോഗ്യ സംരക്ഷണത്തെക്കുറിച്ചും ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ കേരളം മാതൃകയായതിനെക്കുറിച്ചും കെ.എൽ. റാവു സംസാരിച്ചു. കോവിഡ് കാലത്തെ കുട്ടികളുടെ മാനസികാരോഗ്യവും കാലാവസ്ഥാ വ്യതിയാനത്തിലൂടെയുണ്ടായ ബുദ്ധിമുട്ടുകളും യോഗത്തിൽ പ്രധാന ചർച്ചാവിഷയമായി. നിയമസഭാ സ്പെഷ്യൽ സെക്രട്ടറി ആർ. കിഷോർ കുമാർ സ്വാഗതവും കെലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ മഞ്ജു വർഗ്ഗീസ് നന്ദിയും പറഞ്ഞു.

# ഓമിക്രോൺ ആവിർഭാവത്തിന്റെ പശ്ചാത്തലത്തിൽ രാജ്യത്തെ കോവിഡ്19 പൊതുജനാരോഗ്യ പ്രതികരണ സംവിധാനങ്ങൾ കേന്ദ്രം വിലയിരുത്തി

ഇഛരഢകഉ19 വകഭേദമായ ഓമിക്രോൺ ബാധയുടെ സാഹചര്യത്തിൽ രാജ്യത്തെ കോവിഡ്19 പൊതുജനാരോഗ്യ പ്രതികരണ സംവിധാനങ്ങൾ കേന്ദ്ര ആരോഗ്യ സെക്രട്ടറി ശ്രീ രാജേഷ് ഭൂഷൺ വിലയിരുത്തി. ഇതിനൊപ്പം പ്രതിരോധ കുത്തിവെപ്പ് വിതരണ പുരോഗതിയും സംസ്ഥാന കേന്ദ്രഭരണ പ്രദേശങ്ങളിലെ ആരോഗ്യ സെക്രട്ടറിമാർ, ചഒങ എംഡിമാർ എന്നിവരുമായി വീഡിയോ കോൺഫറൻസിലൂടെ ഇന്ന് ചേർന്ന യോഗത്തിൽ അദ്ദേഹം അവലോകനം ചെയ്തു.

പരിശോധനകളുടെ എണ്ണം വർധിപ്പിക്കാൻ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ രോഗികളെ തിരിച്ചറിഞ്ഞു വേഗം തന്നെ ഐസൊലേറ്റ് ചെയ്യാനും മറ്റു ചികിത്സകൾ ലഭ്യമാക്കാനും വേണ്ടി രോഗബാധ സംശയിക്കുന്നവരെ വേഗം തന്നെ തിരിച്ചറിയുന്നതിനായി നിരീക്ഷണത്തിന് പ്രത്യേക പ്രാധാന്യം നൽകണമെന്നും നിർദേശമുണ്ട്.

എല്ലാ ജില്ലകളിലും ആർ ടി പി സി ആർ പരിശോധന സൗകര്യം ഉറപ്പാക്കണമെന്നും സംസ്ഥാനങ്ങളോടും കേന്ദ്രഭരണ പ്രദേശങ്ങളോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഉയർന്ന രോഗ സ്ഥിരീകരണം ഉള്ള ജില്ലകൾക്ക്, കേസ്സുകളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ സ്ഥിരമായി നിരീക്ഷിക്കണമെന്ന മുന്നറിയിപ്പ് യോഗം കൈമാറി. കൂടാതെ രോഗം സ്ഥിരീകരിക്കുന്ന സാമ്പിളുകൾ ജനിതക ശ്രേണീകരണത്തിനായി ബന്ധപ്പെട്ട കചടഅഇഛഏ ലാബുകളിലേക്ക് കാലതാമസം വരുത്താതെ കൈമാറണമെന്നും നിർദേശമുണ്ട്.

രോഗബാധ കൂടുതലായി സ്ഥിരീകരിക്കുന്ന പുതിയ പ്രദേശങ്ങൾ (ഹോട്ട്സ്പോട്ടുകൾ/ക്ലസ്റ്ററുകൾ), വാക്സിൻ സ്വീകരിച്ചവരിലും ഒരിക്കൽ കോവിഡ് വന്നവരിലും രോഗബാധയുടെ സൂക്ഷ്മ നിരീക്ഷണം, ദ്രുത പ്രതികരണ സംഘങ്ങളുടെ നേതൃത്വത്തിൽ ഇത്തരം സംഭവങ്ങളുടെ വേഗത്തിലുള്ള അന്വേഷണം തുടങ്ങിയവയും യോഗം ചർച്ച ചെയ്തു. രോഗബാധിതരുമായി സമ്പർക്കത്തിൽ വരുന്ന എല്ലാ വ്യക്തികളെയും അതിവേഗം തിരിച്ചറിഞ്ഞ് പരമാവധി വേഗത്തിൽ അവരെ പരിശോധനകൾക്ക് വിധേയരാകേണ്ടതിന്റെ ആവശ്യകത യോഗം എടുത്തുപറഞ്ഞു.

'അറ്റ്റിസ്ക്' രാജ്യങ്ങളിൽ നിന്ന് വരുന്ന അന്താരാഷ്ട്ര യാത്രക്കാരെ സംബന്ധിച്ച് എയർ സുവിധ പോർട്ടലിൽ നിന്ന് ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ, രാജ്യത്ത് എത്തിയതിനു ശേഷം നടത്തിയ പരിശോധനയിൽ നെഗറ്റീവ് ആയ അന്താരാഷ്ട്ര യാത്രക്കാർക്ക്, രോഗ ലക്ഷണങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകിക്കൊണ്ട് ജില്ലാ അടിസ്ഥാനത്തിൽ നിരീക്ഷണം നൽകേണ്ടതിന്റെ ആവശ്യകതയും യോഗം ചൂണ്ടിക്കാട്ടി.

ശൈത്യകാലം അടുത്ത പശ്ചാത്തലത്തിൽ ജലദോഷത്തിനു സമാനമായതും (കഘക)/ശ്വാസകോശ സംബന്ധിയായ ഗുരുതര പ്രശ്നങ്ങളും (ടഅഞക), അതീവ പ്രാധാന്യത്തോടെ നിരീക്ഷിക്കേണ്ടതുണ്ട് എന്ന് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും യോഗം നിർദ്ദേശം നൽകി. മെച്ചപ്പെട്ട ഗൃഹനിരീക്ഷണം ലക്ഷ്യമിട്ടുള്ള നിരീക്ഷണ സംവിധാനങ്ങൾ, കൃത്യമായി അവലോകനം ചെയ്യേണ്ടതുണ്ടെന്ന് യോഗം ചൂണ്ടിക്കാട്ടി.

ആവശ്യമായവർക്ക് മെച്ചപ്പെട്ട ആരോഗ്യ പാലനം നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള തയ്യാറെടുപ്പുകൾ വിലയിരുത്തണമെന്ന് സംസ്ഥാനങ്ങളോടും കേന്ദ്ര ഭരണ പ്രദേശങ്ങളോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഋഇഞജകകന് കീഴിൽ കേന്ദ്ര സർക്കാർ നൽകുന്ന തുക ആരോഗ്യ അടിസ്ഥാന സൗകര്യം ശക്തിപ്പെടുത്തുന്നതിനും, സൗകര്യങ്ങളുടെ നിർമ്മാണത്തിനും ഉപയോഗിക്കപ്പെടുന്നുണ്ട് എന്ന് കൃത്യമായി ഉറപ്പാക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയിട്ടുള്ള പോർട്ടലിൽ തുക വിനിയോഗം സംബന്ധിച്ച് ഏറ്റവും പുതിയ വിവരങ്ങളും പുരോഗതിയും നൽകണം. ഫീൽഡ് തലങ്ങളിലെ ആരോഗ്യ പാലന സംവിധാനങ്ങളിൽ ഓക്സിജൻ കോൺസെൻട്രേറ്ററുകൾ, ജടഅ പ്ലാന്റുകൾ, പ്രവർത്തന യോഗ്യമായ വെന്റിലേറ്ററുകൾ എന്നിവ ഉണ്ടെന്ന് ഉറപ്പാക്കണം. രാജ്യത്തെ ചില ഫീൽഡ് തല ആശുപത്രികളിൽ കേന്ദ്രം വിതരണം ചെയ്ത നിരവധി വെന്റിലേറ്ററുകൾ ഇപ്പോഴും ഉപയോഗിക്കാതെയും പായ്ക്ക് നീക്കം ചെയ്യാതെയും ഉണ്ടെന്ന് സംസ്ഥാനങ്ങളെ യോഗം അറിയിച്ചു. ഇത് അടിയന്തരമായി പരിശോധിക്കേണ്ടതാണ് എന്നും നിർദേശിച്ചു.

കോവിഡ്19 ചികിത്സയുമായി ബന്ധപ്പെട്ട, 8 പ്രധാന മരുന്നുകളുടെ ആവശ്യമായ കരുതൽശേഖരം നിലനിർത്തണമെന്ന് സംസ്ഥാനങ്ങൾക്ക് ആരോഗ്യ സെക്രട്ടറി നിർദേശം നൽകി. ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ 2021 ജൂലൈയിൽ സംസ്ഥാനങ്ങൾക്ക് കൈമാറിയിരുന്നു.

ദേശീയതലത്തിൽ നടക്കുന്ന കോവിഡ്19 പ്രതിരോധ കുത്തിവെപ്പ് യജ്ഞത്തിന്റെ വേഗതയും വ്യാപ്തിയും ഇനിയും വർദ്ധിപ്പിക്കാൻ സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകി. ഗ്രാമജില്ലാതലങ്ങളിൽ കൃത്യമായ ഇടവേളകളിൽ നടക്കുന്ന അവലോകനങ്ങൾക്കൊപ്പം, നിലവിൽ നടക്കുന്ന 'ഹർ ഘർ ദസ്തക്' പ്രചാരണത്തിന് പ്രാധാന്യം നൽകിയും ഇത് ഉറപ്പാക്കേണ്ടതാണ്.

കൃത്യമായ ഇടവേളകളിൽ നടത്തുന്ന മാധ്യമ സമ്മേളനങ്ങൾക്കൊപ്പം, തെളിവുകളുടെ അടിസ്ഥാനത്തിൽ ഉള്ള അവബോധ പ്രചാരണങ്ങളും സംഘടിപ്പിക്കണമെന്ന് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും യോഗം നിർദ്ദേശം നൽകി.

# കെ.എസ്.ആർ.ടി.സി ശമ്പള പരിഷ്ക്കരണം നടപ്പാക്കാൻ തീരുമാനമായി

കെ.എസ്.ആർ.ടി.സി ശമ്പളം സർക്കാർ ജീവനക്കാർക്ക് തുല്യമായി പരിഷ്ക്കരിക്കുവാൻ തീരുമാനമായി. ഗതാഗത മന്ത്രി ആന്റണി രാജു കെ.എസ്.ആർ.ടി.സിയിലെ അംഗീകൃത തൊഴിലാളി യൂണിയനുകളുമായി നടത്തിയ ചർച്ചയിലാണ് തീരുമാനം. 2021 ജൂൺ മുതൽ പുതിയ ശമ്പളസ്കെയിൽ നിലവിൽ വരും. 2022 ജനുവരിയിലെ ശമ്പളം മുതൽ പുതിയ നിരക്കിലുള്ള ശമ്പളം ലഭിക്കും. നിലവിലുള്ള അടിസ്ഥാന ശമ്പളം 8730 രൂപയിൽ നിന്നും 23,000 രൂപയായി വർധിപ്പിക്കും. ഡി.എ. 137 ശതമാനം പുതിയ ശമ്പള സ്കെയിലിൽ ലയിപ്പിക്കും. ഫിറ്റ്മെന്റ് അലവൻസ് 10 ശതമാനം നിലനിർത്തും. ഡ്രൈവർ, കണ്ടക്ടർ, മെക്കാനിക്ക് തസ്തികയിൽ ജോലി ചെയ്യുന്ന വനിതാ ജീവനക്കാർക്ക് ആറ് മാസം പ്രസവാവധിക്ക് പുറമെ 5000 രൂപ അലവൻസോടെ ഒരു വർഷത്തെ ശൂന്യവേതനാവധി അനുവദിക്കും. സർവീസ് ആനുകൂല്യങ്ങൾക്ക് ഈ കാലയളവു പരിഗണിക്കുകയും ചെയ്യുന്ന സ്ത്രീ സൗഹൃദ പ്രഖ്യാപനവും പുതിയ ശമ്പള പരിഷ്ക്കരണത്തിലുണ്ടെന്ന് മന്ത്രി പറഞ്ഞു.

വീട്ടു വാടക ബത്ത നാലു ശതമാനം നിരക്കിൽ കുറഞ്ഞത് 1200 രൂപ മുതൽ 5000 രൂപ വരെ വർധിപ്പിക്കും. ഡി.സി.ആർ.ജി ഏഴു ലക്ഷത്തിൽ നിന്നും 10 ലക്ഷമായി വർധിപ്പിക്കും. സി.വി.പി. 20 ശതമാനം തുടരും. പ്രതിമാസം 20 ഡ്യൂട്ടി ചെയ്യുന്ന ഡ്രൈവർമാർക്ക് 50 രൂപയും 20ൽ കൂടുതൽ ഡ്യൂട്ടി ചെയ്യുന്നവർക്ക് 100 രൂപയും അധിക ബത്ത നൽകും. പ്രമോഷൻ ഘട്ടംഘട്ടമായി നടപ്പാക്കും. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് അനുസരിച്ച് നിയമപരമായി ഡ്യൂട്ടി പാറ്റേൺ പരിഷ്കരിക്കും. എല്ലാ വിഭാഗം ജീവനക്കാരുടെയും ജോലി മാനദണ്ഡങ്ങൾ പരിഷ്കരിച്ച് ഉത്പാദനക്ഷമത വർധിപ്പിക്കും. 500 കിലോമീറ്റർ വരെയുള്ള ദീർഘദൂര സർവീസുകളിൽ ഡ്രൈവർ കം കണ്ടക്ടറെ നിയോഗിക്കും. അന്തർസംസ്ഥാന ബസുകളിൽ ക്രൂ ചെയിഞ്ച് നടപ്പാക്കും. ഡ്രൈവർ കം കണ്ടക്ടർ, അക്കൗണ്ടിംഗ് വിഭാഗം എന്നീ പുതിയ കേഡർ തസ്തിക സൃഷ്ടിക്കും. മെക്കാനിക്കൽ ജനറൽ, മെക്കാനിക്കൽ ഓട്ടോ എന്നിങ്ങനെ മെക്കാനിക്കൽ വിഭാഗം രണ്ടായി പുനസംഘടിപ്പിക്കും. 45 വയസിലധികം പ്രായമുള്ള ജീവനക്കാർക്ക് 50 ശതമാനം ശമ്പളത്തോടുകൂടി അഞ്ച് വർഷം വരെ സർവീസ് ആനുകൂല്യങ്ങൾ നിലനിർത്തിക്കൊണ്ട് അവധി അനുവദിക്കും.

പൊതു അവധി 15 ആയും നിയന്ത്രിതാവധി നാല് ആയും നിജപ്പെടുത്തും. പെൻഷൻ പരിഷ്കരണം സംബന്ധിച്ച് പെൻഷൻകാരുടെ സംഘടനകളുമായും സഹകരണ, ധനകാര്യ വകുപ്പുമായും ചർച്ച നടത്തി മുഖ്യമന്ത്രിയുടെ അനുമതിയോടെ തീരുമാനിക്കും. എം.പാനൽ ജീവനക്കാരെ സംബന്ധിച്ച കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകാൻ മൂന്ന് അംഗ സമിതിയെ നിയോഗിക്കും. കെ.എസ്.ആർ.ടി.സി സിഫ്റ്റ് സർക്കാരിന്റെ പ്രഖ്യാപിത നയമായതിനാൽ 2022 ജനുവരിയിൽ ആരംഭിക്കുമെന്ന് മന്ത്രി പറഞ്ഞു.

# അഴിമതി സമൂഹത്തെ ബാധിച്ച കാൻസർ: അടൂർ ഗോപാലകൃഷ്ണൻ

അനധികൃതമായ പണമാണ് അഴിമതിക്ക് കാരണമാകുന്നതെന്നും അഴിമതി സമൂഹത്തെ ബാധിച്ച കാൻസറാണെന്നും സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ. അന്താരാഷ്ട്ര അഴിമതി ദിനാചരണത്തോടനുബന്ധിച്ച് നിയമസഭാ ബാങ്ക്വറ്റ് ഹാളിൽ ലോകായുക്ത സംഘടിപ്പിച്ച പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജനങ്ങളുടെ ജാഗ്രതക്കുറവും സമൂഹത്തിൽ അഴിമതിയെ വളർത്തുന്നു. അഴിമതി നിയമവാഴ്ചക്കെതിരാണെന്നും അഴിമതിക്കെതിരായ നിയമങ്ങൾ കർശനമായി നടപ്പാക്കിയാൽ സമൂഹത്തിൽ അഴിമതി ഉണ്ടാകില്ലെന്നും യോഗത്തിന് അധ്യക്ഷത വഹിച്ച ലോകായുക്ത ജസ്റ്റിസ് സിറിയക് ജോസഫ് പറഞ്ഞു.

അഴിമതിക്കെതിരെ പ്രതികരിക്കാതെ നിസ്സംഗത പാലിക്കുന്നതും കുറ്റകരമാണ്. എല്ലാ വിഭാഗം ജനങ്ങൾക്കും ഭരണഘടന നീതി ഉറപ്പു നൽകുന്നുവെന്നും അഴിമതി എന്നാൽ നീതി നിഷേധമാണെന്നും ലോകായുക്ത പറഞ്ഞു.

ഉപലോകായുക്ത ജസ്റ്റിസ് ഹാറൂൺ അൽ റഷീദ് അടൂർ ഗോപാലകൃഷ്ണന് മെമന്റോ നൽകി. ഉപലോകായുക്ത ബാബു മാത്യു പി. ജോസഫ്, സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ പാതിരിപ്പിള്ളി കൃഷ്ണകുമാരി, അഡ്വ. ബാബു. പി. പോത്തൻകോട് എന്നിവർ സംസാരിച്ചു.



ജില്ലാ പഞ്ചായത്ത് ജയൻ സ്മാരക ഹാളിൽ സ്കിൽടെക് പദ്ധതി മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്യുന്നു

# മനുഷ്യാവകാശ ദിനാഘോഷങ്ങളിൽ പങ്കെടുത്ത് രാഷ്ട്രപതി

ഒരു മനുഷ്യൻ എന്നതിന്റെ അർത്ഥമെന്താണെന്നും, മനുഷ്യരാശിയുടെ അടിസ്ഥാന അന്തസ്സ് ഉയർത്തുന്നതിൽ നമ്മുടെ പങ്കിനെ കുറിച്ചും ചിന്തിക്കാനുള്ള അവസരമാണ് മനുഷ്യാവകാശ ദിനം നൽകുന്നതെന്ന് രാഷ്ട്രപതി ശ്രീ രാം നാഥ് കോവിന്ദ്. നമ്മുടെ അവകാശങ്ങൾ നമ്മുടെ കൂട്ടുത്തരവാദിത്തം ആണെന്നും രാഷ്ട്രപതി ചൂണ്ടിക്കാട്ടി. ഇന്ന് (2021 ഡിസംബർ 10) ന്യൂ ഡൽഹിയിൽ നടന്ന മനുഷ്യാവകാശ ദിനാഘോഷങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

ഇക്കൊല്ലത്തെ മനുഷ്യാവകാശ ദിനാഘോഷങ്ങളുടെ പ്രമേയം 'തുല്യത' എന്നതാണെന്ന് രാഷ്ട്രപതി ചൂണ്ടിക്കാട്ടി. മനുഷ്യരാശിയുടെ പുരോഗതിക്ക് തടസ്സം നിൽക്കുന്ന മുൻധാരണകളെ തിരിച്ചറിയാനും, അവയെ മറികടക്കാനായി ഒരുമിച്ച് വഴികൾ കണ്ടുപിടിക്കാനുമുള്ള ഏറ്റവും മികച്ച അവസരമാണ് ഈ ദിനമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

'ആരോഗ്യമുള്ള ഒരു പരിസ്ഥിതി, കാലാവസ്ഥാ നീതി' എന്നിവയ്ക്കുള്ള അവകാശം എന്ന വിഷയം ലോകം ഇന്നേ ദിവസം ചർച്ചയ്ക്ക് എടുക്കേണ്ടത് ഉണ്ടെന്നും രാഷ്ട്രപതി ഓർമിപ്പിച്ചു. രാജ്യത്തിനുള്ളിലും അടുത്തകാലത്ത് പൂർത്തിയായ ആഗോള കാലാവസ്ഥാ സമ്മേളനങ്ങളിലും ഇതുമായി ബന്ധപ്പെട്ട നടപടികൾ ഇന്ത്യ സ്വീകരിച്ചതിൽ രാഷ്ട്രപതി സന്തുഷ്ടി രേഖപ്പെടുത്തി. ഇത്തരം നടപടികൾ നമ്മുടെ ഗ്രഹത്തിന്റെ ആരോഗ്യം വീണ്ടെടുക്കുന്നതിനു ഏറെക്കാലം ഉപകരിക്കും. ഇന്ത്യ അന്താരാഷ്ട്ര സൗരോർജ സഖ്യത്തിലും, ഹരിത ഊർജ്ജ പ്രോത്സാഹന നടപടികളിലും, നേതൃത്വം നൽകുന്നത് പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു.

ജീവിക്കാനും, ആരോഗ്യത്തിനുമുള്ള ജനങ്ങളുടെ അവകാശം ഉയർത്തിപ്പിടിക്കുന്നതിനായി ധീരമായ ശ്രമങ്ങൾ നടത്തിയ ഡോക്ടർമാർ, ശാസ്ത്രജ്ഞർ തുടങ്ങി എല്ലാം കൊറോണ പോരാളികളെയും രാഷ്ട്രപതി പ്രകീർത്തിച്ചു.

മഹാമാരി ബാധിച്ച സമൂഹത്തിലെ ദുർബലരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ വിഭാഗങ്ങളുടെ അവകാശങ്ങളിൽ അഗാധമായ ഉത്കണ്ഠയുള്ള ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിരവധി ഉപദേശങ്ങൾ പുറപ്പെടുവിച്ചു; ഇത് പകർച്ചവ്യാധിയോടുള്ള നമ്മുടെ പ്രതികരണം മെച്ചപ്പെടുത്താൻ സഹായിച്ചതായും രാഷ്ട്രപതി ചൂണ്ടിക്കാട്ടി. മനുഷ്യാവകാശങ്ങൾ ശക്തിപ്പെടുത്തുന്നതിനായി പൊതുസമൂഹം, മാധ്യമങ്ങൾ, ആക്ടിവിസ്റ്റുകൾ തുടങ്ങിയവരോട് ചേർന്നുകൊണ്ട് ദേശീയ മനുഷ്യാവകാശ കമ്മീഷൻ പ്രവർത്തിച്ചു എന്നും അദ്ദേഹം പറഞ്ഞു. രാഷ്ട്രപതിയുടെ മുഴുവൻ പ്രസംഗത്തിനായി ഇവിടെ ക്ലിക്ക് ചെയ്യുക

# റൂഫ് ടോപ് സൗരോർജ്ജ പദ്ധതി സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള നിർദേശങ്ങൾ പുറത്തിറക്കി

വീടുകളുടെ മേൽക്കൂരകളിൽ സൗരോർജ പാനലുകൾ സ്ഥാപിച്ച് സൗരോർജ്ജം ഉത്പാദിപ്പിക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര പുനരുപയോഗ ഊർജ മന്ത്രാലയം (ങചഞ്ഞ) ശൃംഖലാബന്ധിത റൂഫ് ടോപ് സൗരോർജ്ജ പദ്ധതി (ഘട്ടം2) നടപ്പാക്കിവരുന്നു. ആദ്യ 3 സണ വരെയുള്ളവർക്ക് 40 ശതമാനവും, 3 സണ മുതൽ 10 സണ വരെയുള്ളവർക്ക് 20 ശതമാനവും സബ്സിഡിയാണ് പദ്ധതിക്ക് കീഴിൽ മന്ത്രാലയം നൽകിവരുന്നത്. പ്രാദേശിക വൈദ്യുത വിതരണ കമ്പനികളാണ് (ഉകടഇഛരങ) അതാത് സംസ്ഥാനങ്ങളിൽ പദ്ധതി നടപ്പാക്കുന്നത്.

എന്നാൽ മന്ത്രാലയം ചുമതലപ്പെടുത്തിയിട്ടുള്ളവരാണ് തങ്ങൾ എന്ന പേരിൽ ചില റൂഫ് ടോപ്പ് സോളാർ കമ്പനികളും, വ്യാപാരികളും ചിലയിടങ്ങളിൽ റൂഫ് ടോപ്പ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതായി മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിനായി മന്ത്രാലയം ഒരു വ്യാപാരിയെയും ചുമതലപ്പെടുത്തിയിട്ടില്ല എന്ന് അറിയിക്കുന്നു. ഉകടഇഛരങ കളുടെ നേതൃത്വത്തിൽ മാത്രമാണ് സംസ്ഥാനങ്ങളിൽ പദ്ധതി നടപ്പാക്കുന്നത്. ലേലനടപടികളിലൂടെ ഓരോ സംസ്ഥാനത്തെയും വൈദ്യുത വിതരണ കമ്പനികൾ പദ്ധതി നടത്തിപ്പിനായി ചില വ്യാപാരികളെ തിരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ മേൽക്കൂരകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നിരക്കുകൾ ഉകടഇഛരങകൾ തീരുമാനിച്ചിട്ടുണ്ട്.

ഇതിന്റെ ഭാഗമായി ഒട്ടുമിക്ക വൈദ്യുത വിതരണ കമ്പനികളും ഓൺലൈൻ നടപടികൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞു. ങചഞ്ഞ പദ്ധതിയുടെ കീഴിൽ തങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാൻ താൽപര്യപ്പെടുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് ഓൺലൈനായി അപേക്ഷിച്ച്, അംഗീകാരമുള്ള വ്യാപാരികൾ വഴി തങ്ങളുടെ വീടുകളിൽ പലാന്റുകൾ സ്ഥാപിക്കാവുന്നതാണ്. മന്ത്രാലയം നൽകുന്ന സബ്സിഡി തുക കുറച്ച് ശേഷിക്കുന്ന തുകയാണ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ആവശ്യക്കാർ നൽകേണ്ടത്. വൈദ്യുത വിതരണ കമ്പനികൾ വഴി സബ്സിഡി തുക, വ്യാപാരികൾക്ക് മന്ത്രാലയം വിതരണം ചെയ്യും.

മന്ത്രാലയം നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായുള്ള സൗരോർജ്ജ പാനലുകളും അനുബന്ധ ഉപകരണങ്ങളുമാണ് സ്ഥാപിക്കേണ്ടത്. കൂടാതെ അഞ്ചു വർഷക്കാലത്തേക്ക് ഇവയുടെ പരിപാലനവും വ്യാപാരിയുടെ ചുമതലയാണ്.

അതാത് വൈദ്യുത വിതരണ കമ്പനികൾ നിശ്ചയിച്ചിട്ടുള്ള തുകയിൽ നിന്നും കൂടുതലായി ഗാർഹിക ഉപഭോക്താക്കളിൽ നിന്ന് ചില വ്യാപാരികൾ ഈടാക്കുന്നതായി മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈദ്യുത വിതരണ കമ്പനികൾ നിശ്ചയിച്ചിട്ടുള്ള തുക മാത്രമേ വ്യാപാരികൾക്ക് നൽകാവൂ എന്ന് ഉപഭോക്താക്കളെ അറിയിക്കുകയാണ്. ഇത്തരത്തിൽ തുകയിൽ കൃത്രിമത്വം നടത്തുന്ന വ്യാപാരികളെ തിരിച്ചറിയാനും ശിക്ഷാനടപടികൾ സ്വീകരിക്കാനും വൈദ്യുത വിതരണ കമ്പനികൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെട്ട വൈദ്യുത വിതരണ കമ്പനികളെ സമീപിക്കുകയോ, ങചഞ്ഞയുടെ ടോൾ ഫ്രീ നമ്പറായ 18001803333 ൽ ബന്ധപ്പെടുകയോ ചെയ്യുക.

വൈദ്യുത വിതരണ കമ്പനികളുടെ ഓൺലൈൻ പോർട്ടൽ സംബന്ധിച്ച വിവരങ്ങൾക്കായി ഈ ലിങ്കിൽ ക്ലിക്ക് ചെയ്യുക.

# ജനുവരി മുതൽ ഇ റേഷൻ കാർഡ് സംവിധാനം നടപ്പിലാക്കും: മന്ത്രി ജി ആർ അനിൽ

സംസ്ഥാനത്ത് ജനുവരി മാസം മുതൽ ഇറേഷൻ കാർഡ് സംവിധാനം നടപ്പിലാക്കുമെന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ. പുതിയ സംവിധാനം നടപ്പിലാക്കുന്നതിലൂടെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പു വരുത്തുകയാണ് ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. ഭക്ഷ്യപൊതുവിതരണ വകുപ്പ് താൽക്കാലികമായി റദ്ദ് ചെയ്ത റേഷൻ കടകൾ സംബന്ധിച്ച ഫയൽ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിൽ സംഘടിപ്പിച്ച അദാലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഭക്ഷ്യ പൊതുവിതരണ സംവിധാനവുമായി ബന്ധപ്പെട്ട് മികച്ച പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിവരുന്നതെന്ന് മന്ത്രി പറഞ്ഞു. സിവിൽ സപ്ലൈസ് വകുപ്പും ഇതിനോട് ചേർന്ന് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. വകുപ്പും വകുപ്പിലെ ജീവനക്കാരും ജനങ്ങളുമായി അടുത്ത് നിന്ന് അവർക്ക് വേണ്ട സേവനങ്ങൾ ഉറപ്പ് വരുത്തുന്നുണ്ട്. താലൂക്ക്, ജില്ലാ സപ്ലൈ ഓഫീസുകളിൽ ഏർപ്പെടുത്തിയ ഫ്രണ്ട് ഓഫീസ് സംവിധാനം വിവിധ പരാതികളുമായി ബന്ധപ്പെട്ട് എത്തുന്ന ജനങ്ങൾക്ക് ആശ്വാസമാവുകയാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഇറേഷൻ കാർഡ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി തെളിമ പദ്ധതിയിലൂടെ പൊതുജനങ്ങൾക്ക് റേഷൻ കടയുമായി ബന്ധപ്പെട്ട പരാതികളും മറ്റും നൽകുന്നതിന് അവസരമുണ്ട്. ജനങ്ങൾക്ക് റേഷൻ വിതരണവുമായി ബന്ധപ്പെട്ട പരാതികൾ, ആവശ്യങ്ങൾ എന്നിവ അപേക്ഷയായി ഓരോ റേഷൻ കടയ്ക്ക് മുന്നിലും സ്ഥാപിച്ചിട്ടുള്ള ബോക്സുകളിൽ നിക്ഷേപിക്കാം. വിവിധ ആവശ്യങ്ങളുമായി താലൂക്ക്, ജില്ലാ സപ്ലൈ ഓഫീസുകളിൽ കയറി ഇറങ്ങുന്നത് ഒഴിവാക്കാൻ വകുപ്പ് ആവിഷ്ക്കരിച്ച പദ്ധതിയാണിത്. ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിക്കുകയും സത്വര പരിഹാരം കണ്ടെത്തുകയും ചെയ്യും. ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ ഏഴാമത്തെ അദാലത്താണ് ജില്ലയിൽ സംഘടിപ്പിച്ചത്. അദാലത്തിൽ ഉത്തര മേഖല ഡെപ്യൂട്ടി കൺട്രോളർ ഓഫ് റേഷൻ കെ മനോജ് കുമാർ, സിവിൽ സപ്ലൈസ് കമ്മീഷണർ ഡി സജിത്ത് ബാബു, ജില്ലാ സപ്ലൈ ഓഫീസർ ടി അയ്യപ്പദാസ്, മന്ത്രിയുടെ അഡീഷണൽ പേഴ്സണൽ സെക്രട്ടറി നജ്മുദ്ദീൻ, താലൂക്ക് സപ്ലൈ ഓഫീസർമാർ, വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

അദാലത്തിൽ ആകെ 97 കേസുകളാണ് പരിഗണിച്ചത്. ഇതിൽ 37 എണ്ണത്തിൽ തീരുമാനമായി. 41 കേസുകൾക്ക് അനുബന്ധ നടപടി ക്രമങ്ങൾക്കായി സമയം അനുവദിച്ചു. പുതിയ റേഷൻ കട അനുവദിക്കുന്നതിനായി 17 കേസുകളിൽ വിജ്ഞാപനം നൽകാൻ അനുമതിയായി. രണ്ട് കേസുകൾ വകുപ്പ് കമ്മീഷണറുടെ തീർപ്പിനായി മാറ്റിവെച്ചു.

# ഗാഖ്ര , സരയൂ, രപ്തി, ബംഗംഗ, രോഹിണി എന്നീ അഞ്ച് നദികളെ പരസ്പരം ബന്ധിപ്പിക്കുന്നതും പദ്ധതിയിൽ ഉൾപ്പെടുന്നു

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഉത്തർപ്രദേശിലെ ബൽറാംപൂർ സന്ദർശിക്കുകയും ഡിസംബർ 11 ന് ഉച്ചയ്ക്ക് ഒരു മണിക്ക് സരയൂ നഹർ ദേശീയ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്യും. പദ്ധതിയുടെ പ്രവർത്തനങ്ങൾ 1978ൽ ആരംഭിച്ചെങ്കിലും ബജറ്റ് പിന്തുണയുടെ തുടർച്ചയും വകുപ്പുകൾ തമ്മിലുള്ള ഏകോപനവും മതിയായ നിരീക്ഷണവും ഇല്ലാത്തതിനാൽ നാല് പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഇത് നീണ്ടുപോയി. കർഷക ക്ഷേമത്തിനും ശാക്തീകരണത്തിനുമുള്ള പ്രധാനമന്ത്രിയുടെ കാഴ്ചപ്പാടും ദേശീയ പ്രാധാന്യമുള്ള ദീർഘകാല പദ്ധതികൾക്ക് മുൻഗണന നൽകാനുള്ള അദ്ദേഹത്തിന്റെ പ്രതിജ്ഞാബദ്ധതയും പദ്ധതിയിൽ ആവശ്യമായ ശ്രദ്ധ ചെലുത്തി. തൽഫലമായി, സമയബന്ധിതമായി പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെ 2016ൽ പദ്ധതി പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജനയുടെ കീഴിൽ കൊണ്ടുവന്നു. ഈ ഉദ്യമത്തിൽ, പുതിയ സ്ഥലമെടുപ്പിന് പുതിയ കനാലുകൾ നിർമ്മിക്കുന്നതിനും പദ്ധതിയിലെ നിർണായക വിടവുകൾ നികത്തുന്നതിനും മുമ്പുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന വ്യവഹാരങ്ങൾ പരിഹരിക്കുന്നതിനും നൂതനമായ പരിഹാരങ്ങൾ കണ്ടെത്തി. പദ്ധതിയിൽ ശ്രദ്ധ കേന്ദ്രീകരിച്ചതിന്റെ ഫലമായി ഏകദേശം നാല് വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാൻ കഴിഞ്ഞു.

സരയൂ നഹർ നാഷണൽ പ്രോജക്ട് ആകെ 9800 കോടിയിലധികം രൂപ ചെലവിട്ടാണ് നിർമ്മിച്ചിരിക്കുന്നത്. , അതിൽ 4600 കോടിയിലധികം രൂപ കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ വകയിരുത്തി. പ്രദേശത്തെ ജലസ്രോതസ്സുകളുടെ പരമാവധി ഉപയോഗം ഉറപ്പാക്കാൻ അഞ്ച് നദികളെ ഘഘര, സരയൂ, രപ്തി, ബംഗംഗ, രോഹിണി എന്നിവ പരസ്പരം ബന്ധിപ്പിക്കുന്നതും പദ്ധതിയിൽ ഉൾപ്പെടുന്നു. 14 ലക്ഷം ഹെക്ടർ സ്ഥലത്തെ ജലസേചനത്തിന് ഉറപ്പായും ജലം നൽകുന്ന പദ്ധതി 6200 ഗ്രാമങ്ങളിലെ 29 ലക്ഷം കർഷകർക്ക് പ്രയോജനം ചെയ്യും. കിഴക്കൻ ഉത്തർപ്രദേശിലെ ബഹ്റൈച്ച്, ശ്രാവസ്തി, ബൽറാംപൂർ, ഗോണ്ട, സിദ്ധാർത്ഥനഗർ, ബസ്തി, സന്ത് കബീർ നഗർ, ഗോരഖ്പൂർ, മഹാരാജ്ഗഞ്ച് എന്നീ ഒമ്പത് ജില്ലകൾക്ക് ഇത് പ്രയോജനപ്പെടും. പദ്ധതിയുടെ ക്രമാതീതമായ കാലതാമസത്തിന്റെ ദുരിതമനുഭവിക്കുന്ന മേഖലയിലെ കർഷകർക്ക് ഇപ്പോൾ നവീകരിച്ച ജലസേചന സാധ്യതയിൽ നിന്ന് വളരെയധികം പ്രയോജനം ലഭിക്കും. അവർക്ക് ഇപ്പോൾ വലിയ തോതിൽ വിളകൾ വളർത്താനും പ്രദേശത്തിന്റെ കാർഷിക സാധ്യതകൾ പരമാവധി വർദ്ധിപ്പിക്കാനും കഴിയും.

# ക്രിപ്റ്റോ കറൻസി: നിയമം ലംഘിച്ചാൽ 20 കോടി പിഴ

ന്യൂഡൽഹി: ക്രിപ്റ്റോ കറൻസി നിയമലംഘകർക്ക് 20 കോടി പിഴയടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തേക്കും. പുതിയ നിയമം കൊണ്ടുവരുന്നതിന്റെ ഭാഗമായി ഇടപാട് വിവരങ്ങൾ വെളിപ്പെടുത്താൻ ക്രിപ്റ്റോ കറൻസി നിക്ഷേപകർക്ക് സർക്കാർ സമയപരിധി നിശ്ചയിച്ചേക്കുമെന്നും സൂചനയുണ്ട്.

ക്രിപ്റ്റോ കറൻസികൾക്ക് നിരോധനമേർപ്പെടുത്തുന്നതിനുപകരം നിയന്ത്രണം കൊണ്ടുവരാനാണ് കേന്ദ്ര സർക്കാർ നീക്കം നടത്തുന്നതെന്നാണ് ധനമന്ത്രാലയത്തിൽ നിന്നും ലഭിക്കുന്ന സൂചനകൾ. പുതിയ വ്യവസ്ഥകൾ അനുസരിച്ചായിരിക്കും ഭാവിയിൽ രാജ്യത്ത് ക്രിപ്റ്റോ ഇടപാടുകൾ നടത്താനാകുക.

ക്രിപ്റ്റോയെ നിക്ഷേപ ആസ്തിയായി പരിഗണിച്ച് സെബിയുടെ നിയന്ത്രണത്തിൽ കൊണ്ടുവന്നേക്കുമെന്ന് നേരത്തെ റിപ്പോർട്ടുകളുണ്ടായിരുന്നു.

ഡിജിറ്റൽ കറൻസികളിലൂടെയുള്ള ഇടപാടുകൾക്ക് നികുതി ചുമത്താനാണ് സർക്കാർ ശ്രമം. ചെറുപ്പക്കാർക്കിടയിൽ വൻതോതിൽ പ്രചാരം നേടുന്നതിനാൽ ഇടപാടുകൾക്ക് കർശന നിയമങ്ങൾ കൊണ്ടുവരാനും ഇടയുണ്ട്. പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിൽ അവതരിപ്പിക്കാനിരിക്കുന്ന ബില്ലിൽ ക്രിപ്റ്റോകറൻസി എന്നതിനുപകരം ക്രിപ്റ്റോ അസറ്റ്എന്നാകും ഉപയോഗിക്കുക. ആർബിഐയുടെ ഡിജിറ്റൽ കറൻസിയെക്കുറിച്ച് ഈ ബില്ലിൽ പരാമർശിക്കുകയുമില്ല.

ക്രിപ്റ്റോകറൻസി ഇടപാടുകൾ പ്രോത്സാഹിപ്പിക്കില്ലെന്ന് കഴിഞ്ഞ ദിവസം ധനമന്ത്രാലയം വ്യക്തമാക്കിയിരുന്നു. എല്ലാ സ്വകാര്യ ക്രിപ്റ്റോകറൻസികളും നിരോധിക്കാനാണ് സർക്കാർ പദ്ധതിയെന്നും അറിയുന്നു. അതേസമയം, പൊതു കറൻസികൾക്ക് നിയന്ത്രണമാകും കൊണ്ടുവരിക. ബിറ്റ് കോയിനെ കറൻസിയായി അംഗീകരിക്കാൻ ഇതുവരെ നിർദ്ദേശമൊന്നുമില്ലെന്നും ധനമന്ത്രി വ്യക്തമാക്കിയിരുന്നു.

## ഗസ്റ്റ് ഫാക്കൽറ്റി നിയമനം

എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പൂജപ്പുര സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിൽ ഭിന്നശേഷിയുള്ള കുട്ടികളെ കമ്പ്യൂട്ടർ കോഴ്സുകൾ പഠിപ്പിക്കുന്നതിന് ഗസ്റ്റ് ഫാക്കൽറ്റിയെ നിയമിക്കും. അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്ന് കമ്പ്യൂട്ടർ സയൻസിലോ ഇൻഫൊർമേഷൻ ടെക്നോളജിയിലോ ഉള്ള ഒന്നാം ക്ലാസ് ബി.ടെക്, എം.എസ്സി (കമ്പ്യൂട്ടർ/ ഐ.റ്റി) അല്ലെങ്കിൽ എം.സി.എ ബിരുദവും ഒരു വർഷത്തിൽ കുറയാത്ത അധ്യാപന പരിചയവും ഉള്ളവരെയാണ് തിരഞ്ഞെടുക്കുന്നത്.

# മെഡിക്കൽ ഷോപ്പുകളിൽ നികുതി വകുപ്പ് പരിശോധന; 166 പേർക്ക് പിഴ

സംസ്ഥാനത്തെ മെഡിക്കൽ ഷോപ്പുകളിലും ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളിലും സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് വിഭാഗം നടത്തിയ പരിശോധനയിൽ 166 പേർക്ക്പിഴ ചുമത്തി.

മരുന്നുകളുടെയും, മെഡിക്കൽ ഉപകരണങ്ങളുടെയും വിൽപ്പനയിൽ വ്യാപക ക്രമക്കേടുകൾ നടക്കുന്നതായുള്ള പരാതിയുടെ അടിസ്ഥാനത്തിലാണ് പരിശോധന നടത്തിയത്. ഒക്ടോബർ, നവംബർ മാസങ്ങളിൽ സംസ്ഥാന വ്യാപകമായി നടത്തിയ 339 ടെസ്റ്റ് പർച്ചേസുകളിലാണ് ബില്ല് നൽകാതെ കച്ചവടം നടത്തിയ 166 കേസുകൾ പിടികൂടിയത്. ബില്ല് നൽകാതെ കച്ചവടം നടത്തിയ വ്യാപാരികൾക്ക് 20,000 രൂപ വീതം പിഴ ചുമത്തി. 166 കേസുകളിൽ നിന്ന് 33.2 ലക്ഷം രൂപ പിഴയായി ഈടാക്കി.

ബില്ല് നൽകാതെയുള്ള വിൽപ്പന, പരമാവധി വിൽപ്പന വിലയേക്കാൾ ഉയർന്ന വില ഈടാക്കൽ തുടങ്ങിയ ക്രമക്കേടുകളാണ് പരിശോധനയിൽ കണ്ടെത്തിയത്. സർജിക്കൽ ഉപകരണങ്ങൾ, വികലാംഗർക്കുള്ള ഉപകരണങ്ങൾ, പൾസ് ഓക്സിമീറ്റർ, ഡിജിറ്റൽ തെർമോമീറ്റർ എന്നീ ഉത്പന്നങ്ങളുടെ വിപണനത്തിലാണ് കൂടുതൽ ക്രമക്കേട് നടക്കുന്നതായി കണ്ടെത്തിയത്.

വരും ദിവസങ്ങളിൽ പരിശോധന കൂടുതൽ ശക്തമാക്കുമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി കമ്മീഷണർ രത്തൻ യു. കേൽക്കർ അറിയിച്ചു.



കെ. എസ്. ആർ. ടി. സി. ഗ്യാരേജ് മതിലിൽ ജില്ലാ വനിതാശിശു വികസന ഓഫീസ്, മഹിളാ ശക്തികേന്ദ്ര എന്നിവയുടെ ആഭിമുഖ്യത്തിൽ നടത്തിയ ചുവർ ചിത്ര രചന

# ജയിൽ മോചനം വേഗത്തിലാക്കണം: പേരറിവാളൻ സുപ്രീം കോടതിയിൽ

ന്യൂഡൽഹി: ജയിൽ മോചനം വേഗത്തിലാക്കണമെന്ന് ആവശ്യപ്പെട്ട് മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധി വധകേസിലെ പ്രതി എ ജി പേരറിവാളൻ സുപ്രീം കോടതിയെ സമീപിച്ചു. ഇന്നലെ കേസ് പരിഗണിച്ച കോടതി കേസ് ജനുവരിയിലേക്കു മാറ്റി.

രാജീവ് ഗാന്ധി വധക്കേസിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട പേരറിവാളന്റെ ശിക്ഷ സുപ്രീം കോടതി ജീവപര്യന്തമായി കുറച്ചിരുന്നു. പേരറിവാളന്റെ ദയാഹർജി പരിഗണിക്കുന്നതിൽ കാലതാമസം നേരിട്ടതിനാലാണ് വധശിക്ഷയിൽ സുപ്രീം കോടതി ഇളവ് നൽകിയത്. രാജീവ് ഗാന്ധി വധത്തിന് ഉപയോഗിച്ച ബോംബ് നിർമ്മാണത്തിനു സഹായം നൽകി എന്നതായിരുന്നു അന്ന് 19 വയസുള്ള പേരറിവാളന് എതിരെ ചുമത്തിയ പ്രധാന കുറ്റം.

2015 ഡിസംബർ 30ന് മാപ്പു നൽകണമെന്ന് ആവശ്യപ്പെട്ട് പേരറിവാളൻ തമിഴ്നാട് ഗവർണർക്ക് അപേക്ഷ നൽകി. 2018 സെപ്റ്റംബറിൽ ദയാഹർജിക്ക് ഇയാൾ അർഹനാണെന്നും ഹർജിയിൽ തീരുമാനം എടുക്കണമെന്നും സുപ്രീം കോടതിയും ഗവർണറോട് ആവശ്യപ്പെട്ടു. മൂന്നു ദിവസങ്ങൾക്കു ശേഷം പേരറിവാളന്റെ ശിക്ഷയിൽ ഇളവു നൽകാൻ തമിഴ്നാട് മന്ത്രിസഭ ഗവർണർക്ക് ശുപാർശ നൽകി.

പേരറിവാളന്റെ ശിക്ഷയിൽ ഇളവു നൽകുന്നതിൽ തീരുമാനമെടുക്കാൻ രാഷ്ട്രപതിക്കാണ് അധികാരമെന്ന് ചൂണ്ടിക്കാട്ടി ഗവർണർ ഹർജി രാഷ്ട്രപതിക്ക് അയച്ചു. ഭരണഘടന പ്രകാരം ഇത് ഗവർണറുടെ വിവേചനാധികാരത്തിൽ വരുന്നതാണെന്ന് ചൂണ്ടിക്കാട്ടി രാഷ്ട്രപതി അപേക്ഷ മടക്കി. അപേക്ഷയിൽ തീരുമാനം എടുക്കുന്നതിലെ കാലതാമസത്തിൽ സുപ്രീം കോടതി ഇന്നലെ അതൃപ്തി അറിയിച്ചു. അനിശ്ചിതമായി കേസ് നീട്ടിക്കൊണ്ടു പോകാൻ കഴി

# ഹയർ സെക്കൻഡറി ഒന്നാം വർഷ പരീക്ഷ എഴുതിയവർക്ക് ഇപ്രൂവ്മെന്റിന് അവസരം നൽകണം: ബാലാവകാശ കമ്മീഷൻ

ഹയർ സെക്കൻഡറി ഒന്നാം വർഷ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് ഇപ്രൂവ്മെന്റ് പരീക്ഷ എഴുതാൻ അവസരം നൽകണമെന്ന് സംസ്ഥാന ബാലാവകാശ കമ്മീഷൻ ഉത്തരവായി. ചെയർപേഴ്സൺ കെ.വി.മനോജ്കുമാർ കമ്മീഷൻ അംഗങ്ങളായ ബി. ബബിത, റെനി ആന്റണി എന്നിവരുടെ ഫുൾബെഞ്ചാണ് ഉത്തരവ് പുറപ്പെടുവിച്ചത്.

കോവിഡ് സാഹചര്യത്തിൽ കുട്ടികൾക്ക് ലഭിച്ച മാർക്ക് മെച്ചപ്പെടുത്തുന്നതിനുള്ള അവസരം നിഷേധിക്കുന്നത് അവരുടെ മാനസിക പിരിമുറുക്കവും ഭാവിയെ കുറിച്ചുള്ള ഉത്കണ്ഠയും കൂട്ടും. മുൻവർഷങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യം ഒരു വർഷത്തേക്ക് മാത്രം ഇല്ലാതാക്കാൻ പാടില്ല. കോവിഡ് രോഗവ്യാപന ഭീതിയിൽ പരീക്ഷ എഴുതിയ കുട്ടികൾക്ക് ഇംപ്രൂവ്മെന്റ് പരീക്ഷ എഴുതാനുള്ള അവസരം നിഷേധിക്കുന്നത് കുട്ടികൾക്കായുള്ള ദേശീയവും അന്തർദേശീയവുമായ അവകാശ നിയമങ്ങളുടെ ലംഘനമായാണ് കമ്മീഷൻ കാണുന്നത്. ഈ സാഹചര്യത്തിലാണ് പരിമിതമായ സമയം ക്രമീകരിച്ച് ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷ നടത്താൻ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്കും ഡയറക്ടർക്കും കമ്മീഷൻ നിർദ്ദേശം നൽകിയത്.

ഉദ്ദേശിച്ച മാർക്ക് ലഭിക്കാത്തത് കുട്ടികളുടെ ഉന്നത വിദ്യാഭ്യാസ പ്രവേശനത്തിന് തടസമാകും. ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി നിരവധി പരാതികൾ കമ്മീഷന് ലഭിച്ച സാഹചര്യത്തിലാണ് കുട്ടികൾക്ക് ഇംപ്രൂവ്മെന്റ് പരീക്ഷ എഴുതാൻ അവസരം നൽകാൻ നിർദ്ദേശിച്ചത്. ഇതിൻമേൽ സ്വീകരിച്ച നടപടി 30 ദിവസത്തിനകം റിപ്പോർട്ട് ചെയ്യാനും നിർദ്ദേശിച്ചിട്ടുണ്ട്.

# ബ്രഹ്മോസ് സൂപ്പർസോണിക് ക്രൂയിസ് വിജയകരമായി പരീക്ഷിച്ചു

ന്യൂഡൽഹി : ബ്രഹ്മോസ് സൂപ്പർസോണിക് ക്രൂയിസ് മിസൈലിന്റെ വ്യോമ പതിപ്പ് ഇന്ന്(2021 ഡിസംബർ 08) രാവിലെ 10.30ന് ഒഡീഷ തീരത്തെ ചാന്ദിപൂരിലുള്ള ഇന്റഗ്രേറ്റഡ് ടെസ്റ്റ് റേഞ്ചിൽ നിന്ന് വിജയകരമായി പരീക്ഷിച്ചു. സൂപ്പർസോണിക് യുദ്ധവിമാനമായ സുഖോയ് 30 എംകെഐയിൽ നിന്ന് ആണ് പരീക്ഷണം നടത്തിയത്. വിമാനത്തിൽ നിന്ന് വിക്ഷേപിച്ച മിസൈൽ മുൻകൂട്ടി ആസൂത്രണം ചെയ്ത പാത പിന്തുടർന്നു കൊണ്ട് എല്ലാ ലക്ഷ്യങ്ങളും പൂർത്തിയാക്കി.

ബ്രഹ്മോസ് വികസനത്തിലെ ഒരു പ്രധാന നാഴികക്കല്ലാണ് വിക്ഷേപണം. രാജ്യത്തിനകത്ത് ബ്രഹ്മോസ് വ്യോമ മിസൈൽ പരമ്പരയുടെ നിർമ്മാണത്തിന് ഇത് വഴിയൊരുക്കും . റാംജെറ്റ് എഞ്ചിന്റെ അവിഭാജ്യഘടകമായ പ്രധാന എയർഫ്രെയിം ഉപകരണങ്ങൾ ഇന്ത്യയിലെ വ്യവസായ മേഖല തദ്ദേശീയമായി വികസിപ്പിച്ചതാണ്. ഇവയുടെ ഘടനാപരമായ സമഗ്രതയും പ്രവർത്തന മികവും ഇന്നത്തെ പരീക്ഷണത്തിലൂടെ തെളിയിക്കപ്പെട്ടു. ബ്രഹ്മോസിന്റെ വ്യോമ പതിപ്പ് 2021 ജൂലൈയിലാണ് അവസാനമായി പരീക്ഷിച്ചത്.

വിജയകരമായ പരീക്ഷണ വിക്ഷേപണത്തിന് ഡിആർഡിഒ, ബ്രഹ്മോസ്, ഇന്ത്യൻ വ്യോമസേന, വ്യവസായ മേഖല എന്നിവരെ പ്രതിരോധ മന്ത്രി ശ്രീ രാജ്നാഥ് സിംഗ് പ്രശംസിച്ചു.

സൂപ്പർസോണിക് ക്രൂയിസ് മിസൈലിന്റെ വികസനത്തിനും ഉൽപ്പാദനത്തിനും വിപണനത്തിനുമായി ഇന്ത്യയും (ഡിആർഡിഒ) റഷ്യയും (എൻപിഒഎം) ചേർന്നുള്ള സംയുക്ത സംരംഭമാണ് ബ്രഹ്മോസ്. ശക്തമായ ആക്രമണ ശേഷിയുള്ള മിസൈൽ സംവിധാനമായ ബ്രഹ്മോസ്, നേരത്തെ തന്നെ സായുധ സേനയുടെ ഭാഗമാണ് .

# സമരം തുടരുന്ന പിജി ഡോക്ടർമാർക്കെതിരെ കർശന നടപടിയെടുക്കും: മന്ത്രി വീണാ ജോർജ്

കോവിഡ് മഹാമാരിക്കാലത്ത് സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം താളം തെറ്റിക്കുന്ന വിധത്തിൽ സമരം തുടരുന്ന ഒരുവിഭാഗം പിജി ഡോക്ടർമാർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. പിജി ഡോക്ടർമാരുമായി രണ്ട് തവണ ചർച്ച നടത്തിയിരുന്നു. ഒന്നാംവർഷ പി.ജി. പ്രവേശനം നേരത്തെ നടത്തണമെന്നതാണ് സമരത്തിന്റെ ആവശ്യം. ഇത് സുപ്രീം കോടതിയുടെ പരിഗണനയിലാണ്. സംസ്ഥാനത്തിന് ഇതിൽ ഒന്നും ചെയ്യാൻ കഴിയില്ല. എന്നാൽ പിജി ഡോക്ടർമാരുടെ ജോലിഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി ഒന്നാം വർഷ വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് നടക്കുന്നതുവരെയുള്ള കാലയളവിലേക്ക് എൻ.എ.ജെ.ആർ.മാരെ നിയമിക്കുമെന്ന് ഉറപ്പ് നൽകിയതിനെ തുടർന്നാണ് സമരം പിൻവലിച്ചത്. ഇതിൽ നടപടിയാവകുകയും ചെയ്തു. എന്നാൽ ഒരു വിഭാഗം പിജി ഡോക്ടർമാർ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലും നോൺ കോവിഡ് ചികിത്സയിലും മനപൂർവം തടസം സൃഷ്ടിക്കുന്ന സാഹചര്യമാണുള്ളതെന്ന് മന്ത്രി പറഞ്ഞു.

സർക്കാർ വളരെ അനുഭാവപൂർണമായ നിലപാടാണ് പിജി ഡോക്ടർമാരുടെ കാര്യത്തിൽ എടുത്തിട്ടുള്ളത്. കോടതിയുടെ മുന്നിലുള്ള വിഷയത്തിൽ സർക്കാരിന് ഇടപെടാൻ പരിമിതികളുണ്ട്. ജനങ്ങളുടെ ചികിത്സ മുടക്കുന്ന തരത്തിലുള്ള സമരത്തിൽ നിന്നും പി ാറണം. അല്ലാത്തവർക്കെതിരെ പകർച്ചവ്യാധി പ്രതിരോധ നിയമമനുസരിച്ച് കർശന നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

# തടസങ്ങൾ പരിഹരിച്ച് കൂടുതൽ റേഷൻ കടകൾ പ്രവർത്തനക്ഷമമാക്കും: മന്ത്രി ജി.ആർ. അനിൽ

ലൈസൻസ് താത്കാലികമായി റദ്ദു ചെയത റേഷൻ കടകളുമായി ബന്ധപ്പെട്ട തടസങ്ങൾ പരിഹരിച്ച് കൂടുതൽ കടകൾ പ്രവർത്തനക്ഷമമാക്കുമെന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിൽ പറഞ്ഞു. താത്കാലികമായി ലൈസൻസ് റദ്ദു ചെയ്ത റേഷൻ കടകളുമായി ബന്ധപ്പെട്ട ഫയലുകളിൽ തീർപ്പു കൽപ്പിക്കുന്നതിന് കളക്ടറേറ്റിൽ നടത്തിയ അദാലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പല കാരണങ്ങൾ മൂലം റേഷൻ കടകളുടെ ലൈസൻസ് റദ്ദ് ചെയ്ത മേഖലകളിൽ പൊതുജനങ്ങൾ ഏറെ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപെട്ടിരുന്നു. ഇത് പരിഹരിക്കുന്നതിനായാണ് സംസ്ഥാന വ്യാപകമായി അദാലത്തുകൾ സംഘിപ്പിക്കുന്നത്. ഉടമസ്ഥാവകാശികൾ ഇല്ലാത്ത കടകൾക്ക് പുതിയ ഉടമസ്ഥരെ കണ്ടെത്തുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി പറഞ്ഞു. ആകെ 50 അപേക്ഷകളാണ് അദാലത്തിൽ പരിഗണിച്ചത്. 10 അപേക്ഷകളിൽ അനന്തര അവകാശികൾക്ക് റേഷൻ കട തുടർന്ന് പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകി. 17 കടകളുടെ ലൈസൻസ് സ്ഥിരമായി റദ്ദു ചെയ്യുന്നതിന് തീരുമാനമെടുത്തു. ഈ സ്ഥലങ്ങളിൽ പുതിയ ലൈസൻസികളെ കണ്ടെത്തുന്നതിന് വിജ്ഞാപനം നടത്തി തുടർ നടപടികൾ സ്വീകരിക്കും.

ഒരു അപേക്ഷ വകുപ്പ് ഡയറക്ടറുടെ പരിശോധനയ്ക്കു ശേഷം നടപടി സ്വീകരിക്കുന്നതിനായി മാറ്റി. മതിയായ രേഖകൾ സമർപ്പിക്കാൻ കഴിയാതിരുന്ന 22 അപേക്ഷകർക്ക് അതിനായി കൂടുതൽ സമയം അനുവദിച്ചു.

സിവിൽ സപ്ലൈസ് ഡയറക്ടർ ഡോ. ഡി. സജിത് ബാബു, ജില്ലാ കളക്ടർ എ. അലക്സാണ്ടർ, കൊല്ലം സൗത്ത് സോൺ ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ ആർ. അനിൽ രാജ്, ജില്ലാ സപ്ലൈ ഓഫീസർ എം.എസ്. ബീന തുടങ്ങിയവരും അദാലത്തിൽ പങ്കെടുത്തു.

# ലിറ്റിൽ കൈറ്റ്സ് അഭിരുചി പരീക്ഷാ ഫലം പ്രഖ്യാപിച്ചു

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ നവംബർ 27 ന് നടന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള അഭിരുചി പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. സോഫ്റ്റ്വെയർ അധിഷ്ഠിതമായി നടത്തിയ പരീക്ഷയിൽ രജിസ്റ്റർ ചെയ്ത 1951 വിദ്യാലയങ്ങളിലെ 80763 വിദ്യാർത്ഥികളാണ് പരീക്ഷയിൽ പങ്കെടുത്തത്. ഇവരിൽ 1871 വിദ്യാലയങ്ങളിൽ നിന്നുള്ള 59170 വിദ്യാർത്ഥികളാണ് തെരഞ്ഞെടുക്കപ്പെട്ടത്. അഭിരുചി പരീക്ഷയിൽ 25 ശതമാനത്തിലധികം മാർക്ക് നേടിയ നിശ്ചിത എണ്ണം വിദ്യാർത്ഥികളെയാണ് തെരഞ്ഞെടുത്തത്. പരീക്ഷാഫലം അതത് വിദ്യാലയങ്ങളുടെ ലിറ്റിൽ കൈറ്റ്സ് ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റം ലോഗിനിൽ ലഭ്യമാണെന്ന് കൈറ്റ് സി.ഇ.ഒ കെ. അൻവർ സാദത്ത് പറഞ്ഞു. പരീക്ഷാ ഫലം സ്കൂൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തും.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ 2060 ഹൈസ്കൂളുകളിലാണ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. പദ്ധതിയിൽ നിലവിൽ 1.15 ലക്ഷം കുട്ടികൾ അംഗങ്ങളാണ്. ഹൈടെക് പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ വിഭാവനം ചെയ്തിട്ടുള്ളത്. ലിറ്റിൽകൈറ്റ്സ് അംഗങ്ങൾക്ക് അവരുടെ പ്രവർത്തന മികവിന്റേയും പ്രവർത്തനങ്ങളുടേയും അടിസ്ഥാനത്തിൽ ഗ്രേഡ് സർട്ടിഫിക്കറ്റും അതിന്റെ അടിസ്ഥാനത്തിൽ ഗ്രേസ് മാർക്കും പ്ലസ് വൺ പ്രവേശനത്തിന് ബോണസ് പോയിന്റും അനുവദിച്ചിട്ടുണ്ട്.

# ഡൽഹി കലാപക്കേസിൽ ആദ്യ ശിക്ഷാവിധി

ന്യൂഡൽഹി: വടക്കു കിഴക്കൻ ഡൽഹി കലാപക്കേസിൽ ഒരാൾ കുറ്റക്കാരനാണെന്ന് കണ്ടത്തി. കലാപത്തിനിടെ വയോധികയുടെ വീടുകത്തിച്ച കേസിലാണ് ദിനേശ് യാദവ് എന്നയാളെ കുറ്റക്കാരനാണെന്ന് കണ്ടെത്തിയത്. ഡൽഹി കലാപക്കേസിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തുന്ന ആദ്യത്തെ ആളാണ് ദിനേശ് യാദവ്. അഡീഷണൽ സെഷൻസ് ജഡ്ജ് വിരേന്ദർ ഭട്ടിന്റേതാണ് ഉത്തരവ്.

നിയമവിരുദ്ധമായി സംഘംചേരൽ, കലാപം, തീവെപ്പ്, ഭവനഭേദനം, കവർച്ച തുടങ്ങിയ കുറ്റങ്ങളാണ് ഇയാൾക്കെതിരെ തെളിയിക്കപ്പെട്ടിട്ടുള്ളത്. ഈ കുറ്റങ്ങളുമായി ബന്ധപ്പെട്ട ഐപിസി വകുപ്പിലെ സെക്ഷൻ 143, 147, 148, 457, 392, 436, 149 പ്രകാരമുള്ള ശിക്ഷയാണ് ഇയാൾക്കു ലഭിക്കുക. പരമാവധി പത്ത് വർഷം വരെ തടവ് ലഭിക്കാവുന്ന കുറ്റങ്ങളാണ് പ്രതിക്കെതിരെ ചുമത്തിയിരിക്കുന്നത്. ഈ മാസം 22ന് ശിക്ഷാ വിധി പ്രസ്താവിക്കും.

2020 ഫെബ്രുവരി 25ന് രാത്രി 73 വയസുള്ള മനോരി എന്ന സ്ത്രീയുടെ വീട് തീയിട്ട കേസിലാണ് ദിനേശിനെ കുറ്റക്കാരനാണെന്ന് കണ്ടെത്തിയിരിക്കുന്നത്. വീട്ടിൽ ആരുമില്ലാത്ത സമയത്ത് 200ഓളം പേർ വരുന്ന സംഘം ചേർന്ന് വീട് ആക്രമിക്കുകയും വിലപിടിപ്പുള്ള വസ്തുക്കൾ കവർന്നുവെന്നുമായിരുന്നു പരാതിയിൽ ആരോപിച്ചിരുന്നത്. കേസിൽ കഴിഞ്ഞ വർഷം ജൂൺ എട്ടിനാണ് 25കാരനായ ദിനേശ് അറസ്റ്റിലായത്. ഈ വർഷം ഓഗസ്റ്റ് മൂന്നിന് കുറ്റപത്രം സമർപ്പിച്ചു.

ജൂലൈയിലാണ് ഡൽഹി കലാപക്കേസിൽ അറസ്റ്റിലായ ഒരാളെ വെറുതെവിട്ടുക്കൊണ്ട് മറ്റൊരു ജഡ്ജ് ആദ്യ വിധി പ്രസ്താവിച്ചത്. കേസ് തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ ദയനീയമായി പരാജയപ്പെട്ടുവെന്ന് നിരീക്ഷിച്ചായിരുന്നു ഉത്തരവ്. പൗരത്വ ഭേദഗതി നിയമത്തിനെതിരായ പ്രതിഷേധങ്ങളെത്തുടർന്ന് 2020 ഫെബ്രുവരിയിൽ നടന്ന കലാപത്തിൽ 53 പേരാണ് മരിച്ചത്. 700 ലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

# ഗാർഹിക ഊർജ ഉപഭോഗ ഓഡിറ്റിന്മേലുള്ള സർട്ടിഫിക്കേഷൻ കോഴ്സിന് തുടക്കം കുറിച്ചു

ന്യൂഡൽഹി: ഗാർഹിക ഊർജ ഉപഭോഗ ഓഡിറ്റിന്മേലുള്ള (ഒഌഅ) സർട്ടിഫിക്കേഷൻ കോഴ്സിന് ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി (ആഋഋ) ഇന്നലെ ഓൺലൈനായി തുടക്കംകുറിച്ചു. 'ആസാദി കാ അമൃത് മഹോത്സാവത്തിന് കീഴിൽ ഐകോണിക് വാരമായി അടയാളപ്പെടുത്തിയ 'ദേശീയ ഊർജ്ജ സംരക്ഷണ വാരം: 2021 ഡിസംബർ 8 14' ന്റെ ഭാഗമായാണ് കോഴ്സിന് തുടക്കമായത്.

ഊർജ്ജം ഉപയോഗിച്ച് ഒരു വീട്ടിൽ പ്രവർത്തിക്കുന്ന വിവിധ ഉപകരണങ്ങൾ, സാധനങ്ങൾ എന്നിവയുടെ ഊർജ്ജ ഉപഭോഗം തിട്ടപ്പെടുത്തുന്നതിനും, തിരിച്ചറിയുന്നതിനും, നിരീക്ഷിക്കുന്നതിനും, വിശകലനം ചെയ്യുന്നതിനും ഒരു ഗാർഹിക ഊർജ്ജ ഉപഭോഗ ഓഡിറ്റ് വഴിയൊരുക്കുന്നു. ഊർജ്ജ മികവ് കൈവരിക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ, പ്രായോഗിക പരിഹാരങ്ങൾ എന്നിവ സഹിതമുള്ള ഒരു സാങ്കേതിക റിപ്പോർട്ടും, ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനുള്ള കർമ്മ പദ്ധതിയും, ചിലവുകുറഞ്ഞ പ്രവർത്തനങ്ങൾ അടിസ്ഥാനമാക്കിയുള്ള വിശകലനവും ഇതിന്റെ ഭാഗമായി ലഭ്യമാക്കുകയും ചെയ്യും. ഉപഭോക്താവിന്റെ കാർബൺ ഫൂട്ട് പ്രിന്റിലും, വൈദ്യുത ചാർജുകളിലും കുറവ് വരുത്താനും ഇത് വഴിതുറക്കും.

ഊർജ്ജ സംരക്ഷണം, ഊർജ്ജ ഉപഭോഗം സംബന്ധിച്ച് ഓഡിറ്റിംഗ്, ഊർജ്ജ മികവ് കൈവരിക്കേണ്ടതിന്റെ ആവശ്യകത തുടങ്ങിയവ സംബന്ധിച്ച് എഞ്ചിനീയറിംഗ്/ഡിപ്ലോമ കോളേജുകളിലെ വിദ്യാർഥികൾക്കിടയിൽ ബോധവൽക്കരണം സൃഷ്ടിക്കാൻ ഈ സർട്ടിഫിക്കേഷൻ പ്രോഗ്രാം അവസരമൊരുക്കും. സുസ്ഥിരത, ഊർജ്ജ മികവ്, കാലാവസ്ഥ വ്യതിയാന പരിഹാരനടപടികൾ തുടങ്ങിയ മേഖലകളിൽ യുവാക്കൾക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള സാധ്യതകൾ ഇതിലൂടെ വർദ്ധിക്കും.

# ഇന്ത്യയുടെ കോവിഡ്19 വാക്സിനേഷനുകളുടെ എണ്ണം 129.54 കോടി പിന്നിട്ടു

ന്യൂ ഡൽഹി: കഴിഞ്ഞ 24 മണിക്കൂറിൽ 73,62,000 ഡോസ് വാക്സിനുകൾ നൽകിയതോടെ, ഇന്ന് രാവിലെ ഏഴ് മണി വരെയുള്ള താത്കാലിക കണക്ക് പ്രകാരം, രാജ്യത്തിതുവരെ നൽകിയ ആകെ വാക്സിനുകളുടെ എണ്ണം 129.54 കോടി (1,29,54,19,975) കടന്നു. 1,35,05,139 സെഷനുകളിലൂടെയാണ് ഇത്രയും ഡോസ് വാക്സിൻ നൽകിയത്.

കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ 9,525 പേർ സുഖം പ്രാപിച്ചതോടെ രാജ്യത്താകെ ഇതുവരെ കോവിഡ് മുക്തരായവരുടെ എണ്ണം 3,40,89,137 ആയി. ദേശീയ രോഗമുക്തി നിരക്ക് 98.36% 2020 മാർച്ച് മുതൽ ഏറ്റവും ഉയർന്ന നിരക്ക്.

കേന്ദ്രസംസ്ഥാന സർക്കാരുകളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും കൂട്ടായ ശ്രമഫലമായി, തുടർച്ചയായി 41ാം ദിവസവും പുതിയ പ്രതിദിന രോഗബാധിതരുടെ എണ്ണം 15,000 ത്തിൽ താഴെയാണ്.

കഴിഞ്ഞ 24 മണിക്കൂറിൽ പുതുതായി രോഗം സ്ഥിരീകരിച്ചത് 8,439 പേർക്കാണ്.

നിലവിൽ രാജ്യത്ത് ചികിത്സയിലുള്ളത് 93,733 പേരാണ് 555 ദിവസത്തെ ഏറ്റവും കുറഞ്ഞ നിരക്ക്. നിലവിൽ ചികിത്സയിലുള്ളത് രാജ്യത്തെ ആകെ രോഗബാധിതരുടെ 0.27 ശതമാനമാണ് മാർച്ച് 2020 മുതലുള്ള ഏറ്റവും കുറഞ്ഞ കണക്ക്.

രാജ്യത്തെ പരിശോധനാ ശേഷി ഗണ്യമായി വർദ്ധിപ്പിച്ചതോടെ കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ 12,13,130 പരിശോധനകൾ നടത്തി. ആകെ 65.06 കോടിയിലേറെ (65,06,60,144) പരിശോധനകളാണ് ഇതുവരെ നടത്തിയത്.

പരിശോധനകൾ വർധിപ്പിച്ചപ്പോൾ പ്രതിവാര രോഗസ്ഥിരീകരണ നിരക്ക് നിലവിൽ 0.76 ശതമാനമാണ് 24 ദിവസമായി 1% ത്തിൽ താഴെ. പ്രതിദിന രോഗസ്ഥിരീകരണ നിരക്ക് 0.70% ശതമാനമാണ്. കഴിഞ്ഞ 65 ദിവസമായി ഇത് 2 ശതമാനത്തിൽ താഴെയും, 100 ദിവസമായി 3 ശതമാനത്തിൽ താഴെയുമാണ്.

# കേരള ബാങ്ക് പ്രഥമ പൊതുയോഗം ചേർന്നു

കേരള ബാങ്കിന്റെ പ്രഥമ വാർഷിക പൊതുയോഗം ഓൺലൈനായി നടന്നു. പ്രസിഡന്റ് ഗോപി കോട്ടമുറിക്കലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ 13 ജില്ലാ കേന്ദ്രങ്ങളിൽനിന്ന് പ്രതിനിധികൾ പങ്കെടുത്തു. ബാങ്കിൽ കാലോചിതമായ മാറ്റം വരണമെന്ന ലക്ഷ്യത്തോടെ സമഗ്ര ഐടി സംയോജന പദ്ധതിക്കു രൂപം നൽകിയിട്ടുണ്ടെന്നും ഇതിൽ ബാങ്കിന്റെ ശാഖകൾക്കു പുറമേ പ്രാഥമിക സഹകരണ ബാങ്കുകളെയും 51 അർബൻ സഹകരണ ബാങ്കുകളയും സംയോജിപ്പിക്കുന്ന നടപടികൾ അതിവേഗം പുരോഗമിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

2019 ഏപ്രിൽ ഒന്നു മുതൽ 2020 മാർച്ച് 31 വരെയും 2020 ഏപ്രിൽ ഒന്നു മുതൽ 2021 മാർച്ച് 31 വരെയുമുള്ള പ്രവർത്തന റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടുകളും 202122, 202223 വർഷത്തെ ബഡ്ജറ്റും യോഗം ഐകകണ്ഠ്യേന പാസാക്കി. മലപ്പുറം ജില്ലാ സഹകരണ ബാങ്കും വൈകാതെ കേരള ബാങ്കിന്റെ ഭാഗമാകുമെന്നു പ്രതീക്ഷിക്കുന്നതായി പ്രസിഡന്റ് പറഞ്ഞു.

രാജ്യത്തിന്റെ സംയുക്ത സൈനിക മേധാവിയായിരുന്ന ജനറൽ ബിപിൻ റാവത്തിന്റെയും ഭാര്യയുടേയും 11 സേനാ ഉദ്യോഗസ്ഥരുടേയും വേർപാടിലും പൊതുയോഗ കാലയളവിൽ സംസ്ഥാനത്തു മരണമടഞ്ഞ സഹകാരികളുടേയും സഹകരണ ജീവനക്കാരുടേയും വിയോഗത്തിലും യോഗം അനുശോചനം രേഖപ്പെടുത്തി.

ബാങ്ക്, ബാങ്കർ, ബാങ്കിങ് തുടങ്ങിയ പദാവലികളും പ്രവർത്തനങ്ങളും പ്രാഥമിക സഹകരണ സംഘങ്ങൾക്കു പാടില്ലെന്ന നിർദേശത്തിനെതിരായ പ്രമേയം യോഗം അംഗീകരിച്ചു. ബാങ്ക് ബോർഡ് ഓഫ് മാനേജ്മെന്റ് ചെയർമാൻ വി. രവീന്ദ്രൻ, ബാങ്ക് ഡയറക്ടർ എസ്. ഹരിശങ്കർ, സി.ഇ.ഒ പി.എസ്. രാജൻ, ചീഫ് ജനറൽ മാനേജർ കെ.സി. സഹദേവൻ തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തു.

# നാഷണൽ ലോക്അദാലത്ത് ഒരുക്കങ്ങൾ പൂർത്തിയായി

തിരുവനന്തപുരം ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ 11ന് നടക്കുന്ന നാഷണൽ ലോക് അദാലത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി തിരുവനന്തപുരം ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറിയും സബ് ജഡ്ജുമായ കെ .വിദ്യാധരൻ അറിയിച്ചു. തിരുവനന്തപുരം, നെയ്യാറ്റിൻകര, നെടുമങ്ങാട്, ആറ്റിങ്ങൽ കോടതി സമുച്ചയങ്ങളിലാണ് അദാലത്ത് നടക്കുന്നത്. തിരുവനന്തപുരത്ത് നടക്കുന്ന അദാലത്തിൽ എട്ട് ബൂത്തുകളിലായി കേസുകൾ പരിഗണിക്കും. കോടതികളുടെ പരിഗണനയിലുള്ള സിവിൽ, മോട്ടോർ വാഹന തർക്ക പരിഹാര കേസുകൾ, ഒത്തുതീർപ്പാക്കാവുന്ന ക്രിമിനൽ കേസുകൾ, ബി .എസ്. എൻ. എലിന്റെ പരാതികൾ, ദേശസാൽകൃത സ്വകാര്യ ബാങ്കുകളുടെ പരാതികൾ, കോടതികളിലെത്താത്ത വ്യക്തികളുടെ പരാതികൾ എന്നിവയാണ് പരിഗണിക്കുന്നത്. എല്ലാ കക്ഷികൾക്കും നോട്ടീസ് അയച്ചിട്ടുണ്ട്.

# മൊബൈലിന്റെയും ഇന്റർനെറ്റിന്റെയും ഉപയോഗം കുട്ടികളിൽ ദോഷകരമായി ബാധിക്കുന്നതായി പഠനം

ന്യൂഡൽഹി : ഗ്രാമങ്ങളിലും നഗരങ്ങളിലും കുട്ടികൾ ഇന്റർനെറ്റ് ലഭ്യതയുള്ള മൊബൈൽ ഫോണുകളും മറ്റ് ഉപകരണങ്ങളും ഉപയോഗിക്കുന്നതിന്റെ സ്വാധീനം(ശാരീരികം, പെരുമാറ്റ രീതികൾ മാനസികസാമൂഹികം ) എന്ന വിഷയത്തിൽ ദേശീയ ബാലാവകാശ കമ്മീഷൻ (ചഇജഇഞ) അടുത്തിടെ നടത്തിയ പഠനത്തിൽ ഗ്രാമങ്ങളും നഗരങ്ങളും ഉൾപ്പടെ രാജ്യത്തെ എല്ലാ മേഖലകളിലും നിന്നായി അയ്യായിരത്തോളം കുട്ടികൾ പങ്കെടുത്തു

പഠനമനുസരിച്ച്, 23.80 ശതമാനം കുട്ടികളും ഉറങ്ങാൻ കിടക്കുമ്പോൾ സ്മാർട്ട് ഫോണുകൾ ഉപയോഗിക്കുന്നതായും , ഇത് പ്രായത്തിനനുസരിച്ച് വർദ്ധിക്കുന്നതായും ; ഇത് കുട്ടികളെ പ്രതികൂലമായി ബാധിക്കുന്നതായും കണ്ടെത്തി

അനുചിതമായ സമയങ്ങളിൽ സ്മാർട്ട് ഫോണുകൾ ഉപയോഗിക്കുന്നത് കുട്ടികളുടെ ആരോഗ്യത്തെയും ക്ഷേമത്തെയും ദോഷകരമായി ബാധിക്കും. കുട്ടികളിലെ ഏകാഗ്രതയുടെ തോത് കുറയുന്നതാണ് അത്തരത്തിലുള്ള ഒരു ആഘാതം.പഠനമനുസരിച്ച്, 37.15 ശതമാനം കുട്ടികളിൽ , എപ്പോഴും അല്ലെങ്കിൽ ഇടയ്ക്കിടെ, സ്മാർട്ട് ഫോൺ ഉപയോഗം കാരണം ഏകാഗ്രതയുടെ അളവ് കുറയുന്നു

ഓരോ പ്രദേശത്തെയും ഭൂമിയുടെ വലിയൊരു ഭാഗം കുട്ടികൾക്കുള്ള കളിസ്ഥലമായി തിരിച്ചറിയേണ്ടതുണ്ട്, അത് കുട്ടികളെ കളികളിലും, കായിക വിനോദങ്ങളിലും ഏർപ്പെടാൻ പ്രോത്സാഹിപ്പിക്കുമെന്നു പഠനത്തിന്റെ കണ്ടെത്തലുകളെ അടിസ്ഥാനമാക്കി എൻസിപിസിആർ ശുപാർശ ചെയ്യുന്നു

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.